# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പുതുപ്പാടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്

e-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.കെ.ഡി/പി.8/77/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

സിവിൽ സ്റ്റേഷൻ, കോഴിക്കോട്

ഫോൺ-0495 2371012

ഇ-മെയിൽ:dokkd.ksad@kerala.gov.in

തീയ്യതി:07.02.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പുതുപ്പാടി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :പുതുപ്പാടി ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.കെ.ഡി/പി.8/77/2019 തീയതി:07.02.2019

# കോഴിക്കോട് ജില്ലയിലെ പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 31.03.2017 മുതൽ 15.01.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒന്നിനു മറുപടി ലഭിച്ചിട്ടില്ല. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | ശ്രീ.സതീഷ് മാവേലിപുത്തൻ വീട്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ, വിനിയോഗിച്ച സമയം | 04.01.2019 മുതൽ 18.01.2019 വരെ |
| ശ്രീ.പി.കെ.ഉണ്ണി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ.പ്രബോധ്കുമാർ.ഇ.എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഷിബിൻ.കെ.എസ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.നന്ദകുമാർ.കെ.കെ | 01.4.2017മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ. ബിബിൻ ജോസഫ് | 01.4.2017മുതൽ 31.03.2018വരെ |
| അസി. സെക്രട്ടറി | ശ്രീ. രാജൻ.പി.പി | 01.4.2017മുതൽ 31.03.2018വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീ.വിനു ചന്ദ്രബോസ് | 01.04.2017മുതൽ 31.03.2018വരെ |
| വെറ്ററിനറി സർജൻ | ഡോ. അബ്ദുൾ സമദ് | 01.4.2017മുതൽ 31.07.2017വരെ |
| | ഡോ. അബ്ദുൾ നാസർ | 01.08.2017മുതൽ 22.11.2017വരെ |
| | ഡോ.പി.കെ.ശിഹാബുദ്ദീൻ | 23.11.2017മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ പി എച് സി | ഡോ. കെ.വേണഗോപാൽ | 01.04.2017മുതൽ 26.09.2017വരെ |
| | | 27.11.2017മുതൽ 31.03.2018വരെ |
| | ഡോ. ഫെന്നി.കെ.പി | 27.09.2017മുതൽ 26.11.2017വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. മിനു ചാക്കോ | 01.04.2017മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ. സുമയ്യ.ടി | 01.04.2017മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| (ആയുർ വേദം) | | |
| ഐ സി ഡി എസ് സൂപ്പർ വൈസർ | ശ്രീമതി. ശാന്തമ്മ.സി.വി | 01.04.2017മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. രമേഷ്.എൻ | 01.04.2017മുതൽ 31.03.2018വരെ |
| വി. ഇ. ഒ | ശ്രീ.ഉനൈസ് അലി.സി.പി | 01.04.2017മുതൽ 31.03.2018വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. മത്തായി.ടി.കെ | 01.04.2017മുതൽ 31.03.2018വരെ |
| അസി. എഞ്ചിനീയർ | ശ്രീ. സി.എസ്.സുബീഷ് | 01.04.2017മുതൽ 09.10.2017വരെ |
| | ശ്രീമതി. അഖില ഉണ്ണികൃഷ്ണൻ | 10.10.2017മുതൽ 07.12.2017വരെ |
| | ശ്രീ. പ്രദീപ്കുമാർ | 08.12.2017മുതൽ 20.02.2018വരെ |
| | ശ്രീ. ആദർശ് | 21.02.2018മുതൽ 31.03.2018വരെ |

<u>ഉള്ളടക്കം</u>

ഈ റിപ്പോട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

| | |
|---|---|
| ഭാഗം-1<br>പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക. |

| | |
|---|---|
| 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം. |
| 1-7 | തൊഴിലുറപ്പ് പദ്ധതി |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ. |
| 1-10 | ആഭ്യന്തര നിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക കണക്കുകളിലെ അപാകതകൾ |
| ഭാഗം-2<br>വരവ് കണക്കുകളിൻ മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | ബഡ്ജറ്റ് രൂപീകരണത്തിൽ സമയക്രമം പാലിച്ചിട്ടില്ല |
| 2-2 | ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു |
| 2-3 | തൊഴിൽ നികുതി-അപാകതകൾ |
| 2-4 | ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ - ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല |
| 2-5 | വാടകവരവ്-അപാകതകൾ |

| ഭാഗം- 3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
|---|---|
| 3-1 | പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കിയില്ല - സർക്കാർ ഗ്രാന്റിനത്തിൽ 3.51കോടി രൂപ നഷ്ടപ്പെട്ടു. |
| 3-2 | റോഡ് പ്രവൃത്തികൾക്ക് (MoRD) അധിക നിരക്കിൽ ഓവർഹെഡ് ചാർജ്ജ് നൽകുന്നു. |
| 3-3 | സ്പിൽഓവർ ഓവർ പ്രോജക്ടുകൾ - സ്പിൽഓവർ ആയ അതേ വർഷം തന്നെ നിർമ്മാണം പൂർത്തിയാക്കിയില്ല. |
| 3-4 | റോഡ് പ്രവൃത്തികളിൽ പാച്ച് സോളിംഗ് വ്യാപകം |
| 3-5 | വ്യത്യസ്ത പ്രവൃത്തികൾക്ക് ഒരേ എസ്റ്റിമേറ്റും ഒരേ പോട്ട് ഹോൾ ഫില്ലിംഗും |
| 3-6 | ആസ്തികളിന്മേലുള്ള ആക്ഷേപങ്ങൾ സ്വീകരിക്കാൻ പത്രപരസ്യം - 31,920 രൂപ പാഴ്ചെലവായി |
| 3-7 | വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം പദ്ധതി നടത്തിപ്പിൽ അപാകതകൾ |
| 3-8 | തെങ്ങിന് വളം വിതരണം.പ്രൊജക്ട് നടത്തിപ്പിൽ അപാകതകൾ |
| 3-9 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - പദ്ധതിനടത്തിപ്പിൽ അപാകതകൾ |
| 3-10 | ഭിന്നശേഷിക്കാരന് പത്രം നൽകൽ - അനധികൃത ചെലവ് |
| 3-11 | വെറ്റിനറിസർജൻ നടപ്പിലാക്കിയ പദ്ധതികളിൽ അപാകതകൾ |
| 3-12 | കുടിവെള്ള പദ്ധതി ഉണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറിയില്ല. |

| | |
|---|---|
| 3-13 | ന്യൂട്രിമിക്സ് വിതരണം -ലാബ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 3-14 | ശമ്പളപരിഷ്കരണ കുടിശ്ശികയ്ക്ക് അനുസൃതമായ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല. |
| 3-15 | ഗ്രാമപഞ്ചായത്ത് അറിയാതെ മുൻകൂറായി ചെലവുകൾ നടത്തുന്നു. |
| 3-16 | വീട് റിപ്പയർ - പദ്ധതി നടത്തിപ്പിൽ അപാകതകൾ |
| 3-17 | ഗ്രാമ പഞ്ചായത്ത് ഓഫിസിലേയ്ക്ക് കംമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ -നിബന്ധനകൾ പാലിച്ചിട്ടില്ല |
| 3-18 | തെരുവുവിളക്ക് മാറ്റി സ്ഥാപിക്കൽ - പദ്ധതി നടത്തിപ്പിൽ അപാകതകൾ |
| ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 4-8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |

| | |
|---|---|
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം | ഓഡിറ്റ് സർട്ടിഫിക്കറ്റ്. |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 30.03.2017 തിയതിയിലെ തീരുമാന നമ്പർ 01/2017 പ്രകാരം അംഗീകരിച്ചു. 2017-18 വർഷത്തെ പുതുക്കിയ ബജറ്റ് 22.01.2018 ലെ തീരുമാനങ്ങൾ 3(4)2018 പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 22.05.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 13.06.2018-14.06.2018 | കെ.എസ്.എ.കെ.കെ.ഡി/ഇ2/ 1111/2018(56) തീയതി:16.07.2018 |

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 20815590 |
| വരവ് | 79532550 |
| ആകെ | 100348140 |
| ചെലവ് | 92690099 |
| നീക്കിയിരിപ്പ് | 7658041 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 23898000 | 23898000 | 16997630 | 6900370 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 8072067 | 8072067 | 5458180 | 2613887 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 1420423 | 1420423 | 613195 | 807228 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 13626000 | 13626000 | 9831200 | 3794800 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5234000 | 5234000 | 3275668 | 1958332 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 11223526 | 11223526 | 3950031 | 7273495 |

| | | | | | | |
|---|---|---|---|---|---|---|
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | 0 | 4315139 | 4315139 | 3693870 | 621269 |
| സാക്ഷരത | | 35037 | 87166 | 122203 | 14110 | 108093 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളി കളുടെ കൂലി | 0 | 15542574 | 15542574 | 15542574 | 0 |
| | അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 1644 | 927393 | 929037 | 913639 | 15398 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്) | | | | | | |
| ഐ സി ഡി എസ് | | 468629 | 1299369 | 1767998 | 539079 | 1228919 |
| പശ്ചിമഘട്ട വികസന പദ്ധതി | | 5778 | 221 | 5999 | 0 | 5999 |
| എം പി ഫണ്ട് | | 132397 | 950999 | 1083396 | 865675 | 217721 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്) | | | | | | |
| ശുചിത്വ മിഷൻ | | 2016000 | 174335 | 2190335 | 0 | 2190335 |
| ജലനിധി | | 226507 | 8581 | 235088 | 0 | 235088 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 509072 | 2210000 | 2719072 | 1769072 | 950000 |
| | ജില്ലാ പഞ്ചായത്ത് | 78900 | 1760000 | 1838900 | 1675800 | 163100 |

| | | | | | |
|---|---|---|---|---|---|
| ബി ഫണ്ട് | 0 | 58578940 | 5858940 | 58578940 | 0 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | 11069091 | 13466000 | 24535091 | 23925117 | 609974 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 288 | 164 | 12 | 112 | 56 % |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1644 | 927393 | 929037 | 913639 | 15398 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 15542574 | 15542574 | 15542574 | 0 |
| ആകെ | 1644 | 16469967 | 1647161 | 16456213 | 15398 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 57240 | 99 |
| കർഷകതൊഴിലാളി പെൻഷൻ | 8714500 | 3153 |
| വിധവാപെൻഷൻ | 22023400 | 7250 |
| വാർദ്ധക്യകാലപെൻഷൻ | 21983500 | 6123 |
| വികലാംഗപെൻഷൻ | 4803800 | 1548 |
| അവിവാഹിതകൾക്കുള്ള പെൻഷൻ | 271500 | 86 |
| വിവാഹധനസഹായം | 690000 | 23 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.01.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14,586 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഏറെക്കുറെ വിജയിച്ചിട്ടുണ്ട്.

വിശദമായ ഓഫീസ് ഓർഡർ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ മേൽ ചുമതലകൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധന നടത്തിയിട്ടില്ല. നികുതി പിരിവ്

പുരോഗതിക്കായി ചുമതലകൾ വിഭജിച്ചു നൽകുകയും കൃത്യമായി നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. പ്രതിമാസ വരവുചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ്ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചു പോരുന്നതിനാൽ നീക്കിയിരിപ്പു തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. ക്യാഷ് കൈകാര്യം ചെയ്യുന്ന വിഭാഗത്തിലേക്ക് മറ്റുള്ളവരുടെ പ്രവേശനം നിയന്ത്രിക്കുന്നതിനുള്ള സംവിധാനമുണ്ട്. പൗരാവകാശ രേഖ പുതുക്കിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.02.2018 | 01.01.2018 മുതൽ 31.01.2018 വരെ | പി.എ.യു ടീം 103-01/2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.01.2017 | 2011-12 മുതൽ 2015-16 വരെ | എൽ.ബി.എ (എച്ച്.ക്യൂ)V1/8A-2563 തീയതി-09.03.2017 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിലെ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ പരിഹരിക്കാൻ അവശേഷിക്കുന്നു.

1. ആസ്തി രജിസ്റ്റർ ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുകയോ 31.03.2018 വരെ സൃഷ്ടിക്കപ്പെട്ട എല്ലാ ആസ്തികളുടെയും മൂല്യം സാംഖ്യയിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.
2. ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുള്ളതും ലഭ്യത സംശയാസ്പദവുമായിട്ടുള്ള തുകയ്ക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രികയിൽ പ്രൊവിഷൻ കൊടുത്തില്ല.
3. ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം തൻവർഷം നടത്തിയ പർച്ചേസുകളുടെ മൂല്യം

ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

4. നിർവ്വഹണ ഉദ്യോഗസ്ഥർ (അസിസ്റ്റന്റ് എഞ്ചിനീയർ) മുഖേന സ്വീകരിക്കുന്ന ഡെപ്പോസിറ്റുകൾ (ഇ.എം.ഡി. സെക്യൂരിറ്റി ഡെപ്പോസിറ്റ്) അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. (2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 19 പ്രകാരം ഔദ്യോഗിക നിലയിൽ പഞ്ചായത്തിലെ ഏതൊരു ഉദ്യോഗസ്ഥന്റെയും ഉത്തവാദിത്വത്തിൽ നടന്ന ഏത് പണമിടപാടും, യാതൊരു വീഴ്ചയുമില്ലാതെ അക്കൗണ്ടിൽ രേഖപ്പെടുത്തേണ്ടതാണ്. ചട്ടം. 23 പ്രകാരം ക്യാഷ്, മണിയോർഡർ, ചെക്ക്, ഡ്രാഫ്റ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും രൂപത്തിൽ ലഭിക്കുന്ന തുക 500/- രൂപയിൽ അധികരിക്കുകയാണെങ്കിൽ അതേ ദിവസം തന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ബന്ധപ്പെട്ട ബാങ്ക്, ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. ചട്ടം 24(1) പ്രകാരം ലഭിച്ച തുക അക്കൗണ്ട് ശീർഷകങ്ങളുടെ അടിസ്ഥാനത്തിൽ പ്രതിദിന സ്റ്റേറ്റ്മെന്റ് ക്യാഷ്യർ തയ്യാറാക്കേണ്ടതും അക്കൗണ്ടന്റിന് സമർപ്പിക്കേണ്ടതാണ്. ചട്ടം 24(2) പ്രകാരം ലഭിച്ച തുക സ്റ്റേറ്റ്മെന്റ് അടിസ്ഥാനത്തിൽ അന്നു തന്നെ രശീത് വൗച്ചർ വഴി അക്കൗണ്ട് ചെയ്യേണ്ടതാണ്. )

5. തൻവർഷത്തെ ഇ-ടെണ്ടർ മുഖേന ലഭിച്ച തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടില്ല.

6. ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവയുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രിക പ്രകാരം തൊഴിലുറപ്പ് പദ്ധതിക്കായി 2,28,05,605/- രൂപയാണ് വരവ് രേഖപ്പെടുത്തിയത്. എന്നാൽ യഥാർത്ഥത്തിൽ ഇ.എഫ്.എം.എസ്. മുഖേന 2,18,91,966/- രൂപയും മറ്റ് ചെലവുകൾക്കായി 9,35,990/- രൂപയും ലഭിച്ചിട്ടുണ്ട്. വ്യത്യാസം ക്രമീകരിച്ചില്ല.

8. ഡി.സി.ബി. ഇനങ്ങളായ കെട്ടിട വാടക, വസ്തുനികുതി, ഡി.ആന്റ് ഒ. ലൈസൻസ് എന്നിവയുടെ രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ കാലികമാക്കിയിട്ടില്ല. തൊഴിൽ നികുതി രജിസ്റ്റർ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.

9. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, ടെണ്ടർ ഫോം രജിസ്റ്റർ എന്നിവ എഴുതി പൂർത്തീകരിച്ചിട്ടില്ല.

10. ലേലമിനത്തിലെ വരവ്, വൈദ്യുതി മോട്ടോർ പ്രവർത്തിക്കുന്നതിനുള്ള ലൈസൻസ് ഫീസ്, സ്വകാര്യ ആശുപത്രികളുടെ നടത്തിപ്പിനുള്ള ലൈസൻസ് ഫീസ് തുടങ്ങിയ വരവുകളുടെ വിശദാംശങ്ങൾ രജിസ്റ്ററുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബഡ്ജറ്റ് രൂപീകരണത്തിൽ സമയക്രമം പാലിച്ചിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ാം തീയതിക്ക് മുമ്പായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. ഉപവകുപ്പ് 1(എ)(1) പ്രകാരം സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളേയും ഈ ആക്ടിലെ എല്ലാ ആവശ്യങ്ങളേയും പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അതിൽ നിന്നും പഞ്ചായത്തിന്റെ അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ഒരു ബഡ്ജറ്റ് തയ്യാറാക്കേണ്ടതും അത് പ്രസ്തുത സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച കഴിയുന്നതിനു മുമ്പായി പഞ്ചായത്ത് മുമ്പാകെ,അതിന്റെ ഒരു പ്രത്യേക യോഗത്തിൽ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന വികസന ക്ഷേമപ്രവർത്തനങ്ങൾ സംബന്ധിച്ച ആമുഖ പ്രഖ്യാപനത്തിനുശേഷം,പഞ്ചായത്തിന്റെ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ്.എന്നാൽ പുതുപ്പാടി ഗ്രാമ പഞ്ചായത്തിന്റെ 2017-18 ബഡ്ജറ്റ് 20.03.17നടന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ തയ്യാറാക്കി ഭരണസമിതിക്ക് മുമ്പാകെ സമർപ്പിക്കാൻ തീരുമാനിച്ചു. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചതിന്റെയോ അവ ചർച്ച ചെയ്തതിന്റെയോ വിവരങ്ങൾ മിനുട്ട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/17-18 തീയതി-17.01.19) മറുപടി ലഭ്യമായിട്ടില്ല. ആക്ടിൽ നിർദ്ദേശിക്കുന്ന സമയക്രമം 2017-18 ബഡ്ജറ്റ് രൂപീകരണത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പാലിച്ചിട്ടില്ല. സമക്രമം പാലിച്ചുകൊണ്ട് ഭാവിയിൽ ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 2-2 ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ

## അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

ഇതേ ചട്ടങ്ങളിലെ ചട്ടം 2(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ് എന്നാണ് നിഷ്കർഷിക്കുന്നത്.

ഗ്രാമപഞ്ചായത്തിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

എന്നാൽ ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ പൂർണ്ണമായും വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്

ഉദാഹരണങ്ങൾ

1)

| കെട്ടിടം നം | പേര് വിലാസം | രജിസ്റ്റർ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, | ഗ്രാമപഞ്ചായത്ത് 40 രൂപ നിരക്കിൽ നിർണ്ണയിച്ച |
|---|---|---|---|

| | | | |
|---|---|---|---|
| | | തരം | വസ്തുനികുതി + ഗ്രന്ഥശാല വരിസംഖ്യ (ഇളവ് – 10%, വർദ്ധനവ് - 20%) |
| 6/321 B | മുഹമ്മദ്, വിളക്കാട്ടുകാവിൽ, കമ്പിവേലുമ്മൽ, അടിവാരം | 73.47 $m^2$ വാണിജ്യം | 3395 |
| 6/321 C | | 13.76 $m^2$ വാണിജ്യം | 637 |
| 6/321 D | | 30.95 $m^2$ വാണിജ്യം | 1431 |
| 6/321 E | | 30.95 $m^2$ വാണിജ്യം | 1431 |
| 6/321 F | | 30.95 $m^2$ വാണിജ്യം | 1431 |
| 6/321 G | | 30.95 $m^2$ വാണിജ്യം | 1431 |
| | ആകെ | 211.03 $m^2$ | 9756 |

കെട്ടിടത്തിന് നിർണ്ണയിക്കേണ്ട നികുതി നിരക്ക് 50/- രൂപ

ആകെ തറവിസ്തീർണ്ണം- 211.03 ച.മീ

211.03 x 50 = 10551.5-(10% മേഖല ഇളവ്) + (20% വഴി സൗകര്യം വർദ്ധനവ്) = 11607+5% ഗ്രന്ഥശാല വരിസംഖ്യ

= 12188

ആകെ തറവിസ്തീർണ്ണത്തന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട നികുതി - 12188 രൂപ (ഗ്രന്ഥശാല വരിസംഖ്യ ഉൾപ്പെടെ)

ഈടാക്കിയ നികുതി - 9756

നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം - 2432

2)

| കെട്ടിടം നം | പേര് വിലാസം | രജിസ്റ്റർ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | ഗ്രാമപഞ്ചായത്ത് 40 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തുനികുതി (ഇളവ് -10%) |
|---|---|---|---|
| 10/75 A | അബ്ദുള്ള, കാഞ്ഞിരത്താം പൊയിൽ, കാരക്കുന്ന്, പുതുപ്പാടി | 25.35 m2 വാണിജ്യം | 959 |
| 10/75 B | | 25.35 m2 വാണിജ്യം | 959 |
| 10/75 C | | 25.35 m2 വാണിജ്യം | 959 |
| 10/75 D | | 25.35 m2 | 959 |

| | | | |
|---|---|---|---|
| | | വാണിജ്യം | |
| | ആകെ | 101.4 m2 | 3836 |

കെട്ടിടത്തിന് നിർണ്ണയിക്കേണ്ട നികുതി നിരക്ക് 50/- രൂപ

ആകെ തറവിസ്തീർണ്ണം - 101.4 ച.മീ

101.4 x 50 = 5070-(10% മേഖല ഇളവ്) =4563+5%=4792

ആകെ തറവിസ്തീർണ്ണത്തന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട നികുതി - 4792 രൂപ

ഈടാക്കിയ നികുതി - 3836

നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം - 956

വ്യത്യസ്ത ഉപയോഗക്രമങ്ങൾക്കല്ലാതെ ഉപയോഗിക്കുന്ന റൂമുകളെല്ലാം ചേർത്ത് ഒറ്റ കെട്ടിടമായി പരിഗണിച്ച് നികുതി ഈടാക്കാതെ മേൽ വിവരിച്ച പ്രകാരം വ്യത്യസ്ത ഉദ്ദേശത്തിനായി ഉപയോഗപ്പെടുത്തുന്നതായി പരിഗണിച്ച് നികുതി നിർണ്ണയിച്ചതിലൂടെ നികുതി ഇനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/17-18 തീയതി – 17.01.19) മറുപടി ലഭ്യമായിട്ടില്ല. പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗമെന്ന നിലയിൽ കെട്ടിട നികുതി കണക്കാക്കുന്നതിൽ അപാകതകൾ ഒഴിവാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ നികുതി സഞ്ചയ സോഫ്റ്റ് വെയറിൽ പുനർനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്.

## **2-3** <u>തൊഴിൽ നികുതി-അപാകതകൾ</u>

i)<u>ഡിമാൻഡ് രജിസ്റ്റർ സൂക്ഷിപ്പ് ക്രമപ്രകാരമല്ല.</u>

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205ഐ പ്രകാരം, ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2017-18ൽ കച്ചവടക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ

റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കച്ചവടക്കാരന്റെ പേര്, സ്ഥാപനം, വിലാസം, അർദ്ധവാർഷിക വരുമാനം, സ്ലാബ്, ഈടാക്കിയ തുക, രശീത് നം, തീയതി എന്നിവ തൊഴിൽ നികുതി ഡിമാന്റ് റജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ കച്ചവടക്കാരുടെ തൊഴിൽ നികുതി ഇനത്തിലെ ഡിമാന്റ്, കളക്ഷൻ എന്നിവയുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

ii)<u>തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല</u>

പുതുപ്പാടി ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലിചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം | വാർഡ് / കെട്ടിട നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 18/1254 | റോസ് ഡെന്റൽ ക്ലീനിക് | 2 |
| 2 | 7/647 B | എ.വി. ഇൻഡസ്ട്രിയൽ | 4 |
| 3 | 8/629,630,631 | എലൈറ്റ് ഹാർഡ് വെയർ | 3 |
| 4 | 17/746 A,B | ടി.കെ. ടൈൽസ് & ഗ്രാനൈറ്റ്സ് | 8 |
| 5 | 16/190 D,E,F | പി.പി. ഹാർഡ് വെയർ | 2 |
| 6 | 7/338 A | ഗ്ലോബൽ പ്രോഡക്ട് | 7 |
| 7 | 19/601,602 | സന മെറ്റൽസ് & ഹോം അപ്ലയൻസ് | 2 |

| | | | |
|---|---|---|---|
| 8 | 18/1020E | ഫാമിലി മെഡിക്കൽസ് | 2 |
| 9 | 17/657 B | പാർക്ക് ലേൻ റെസ്റ്റോറന്റ് & കാറ്റേഴ്സ് | 3 |
| 10 | 16/648 | പാലിയോ ഇൻഡസ്ട്രീസ് | 4 |
| 11 | 19/253 B | പറശ്ശേരിയിൽ ഫർണിച്ചർ | 6 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ സ്ഥാപന ഉടമകൾ പഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ല. ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതായി ഡിമാന്റ് റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ജീവനക്കാരന്റെ പേര്, അർദ്ധവാർഷിക വരുമാനം, ഈടാക്കിയ നികുതി, രസീത് നം, തീയതി സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/17-18 തീയതി-17.01.19) മറുപടി ലഭ്യമായിട്ടില്ല. മേൽ സ്ഥാനപങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ - ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ്

പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. കൂടാതെ, ചട്ടം 8 പ്രകാരം ഏതൊരു ലൈസൻസിന്റേയും കാലാവധി ആ സാമ്പത്തിക വർഷം അവസാനിക്കുന്നതും, അല്ലാത്ത പക്ഷം ലൈസൻസിന്റെ കാലാവധി പ്രസിഡന്റ് ഒരു മുൻ തിയ്യതിയിൽ അതിന്റെ കാലാവധി അവസാനിക്കുമെന്ന് പ്രത്യേക കാരണങ്ങളാൽ കരുതുകയാണെങ്കിൽ അതിൽ പ്രത്യേകം പറയുന്ന മുൻ തിയ്യതിയിൽ അവസാനിക്കുന്നതുമാകുന്നു.

2017-18 വർഷത്തിൽ പുതുപ്പാടി ഗ്രാമ പഞ്ചായത്തിലെ ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ, 408 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും, പുതിയ ലൈസൻസിനുമായി അപേക്ഷിച്ചിട്ടുണ്ട്. മേൽ ചട്ടം പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2017 ഫെബ്രുവരി മാസത്തിൽ തന്നെ നൽകേണ്ടതായിരുന്നു. എന്നാൽ ഇവയിൽ 12 എണ്ണം മാത്രമാണ് പുതുക്കുന്നതിനുള്ള അപേക്ഷ ഫെബ്രുവരിയിൽ നൽകിയത്. ബാക്കി സ്ഥാപനങ്ങൾ ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലായാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. സാമ്പത്തിക വർഷം അവസാനിച്ച് പിന്നീട് ലൈസൻസ് പുതുക്കുന്നത് വരെ ഇത്തരം സ്ഥാപനങ്ങൾ നിയമവിരുദ്ധമായാണ് പ്രവർത്തിക്കുന്നത്. സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരിച്ചല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കാത്തതു മൂലം പഞ്ചായത്തിന് ലഭ്യമാക്കേണ്ടിയിരുന്ന വരുമാനം പോലും നഷ്ടപ്പെടുന്ന സാഹചര്യമാണുള്ളത്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യം അടിയന്തരമായി പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

## മറ്റ് അപാകതകൾ

### 1) ചട്ട പ്രകാരമല്ലാതെ ലൈസൻസ് ഫീ പിരിക്കുന്നു

ലൈസൻസിനായുള്ള അപേക്ഷകൾ പരിശോധിച്ചതിൽ ചട്ടം 7 പ്രകാരമുള്ള ലൈസൻസ് ഫീ ചുമത്തിയതിൽ അപാകത കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ്/ കെട്ടിട നം | സ്ഥാപനം | ശരാശരി വിറ്റുവരവ് | ഈടാക്കിയ ലൈസൻസ് |
|---|---|---|---|

| | | | |
|---|---|---|---|
| | | | ഫീ |
| 7/464 | കുമ്പാട്ട് ഏജൻസി | 1,000/- | 200/- |
| 9/420 | എച്ച്.എസ്. സ്റ്റോർ | 1,000/- | 300/- |
| 8/629, 630, 631 | എലൈറ്റ് ഹാർഡ് വെയർ | 1,000/- | 500/- |
| 1/457 | പി.കെ. ട്രേഡേഴ്സ് | 2,000/- | 200/- |
| 18/1121.1122 | ഡിസൈനർ ടെക്സ്റ്റയിൽസ് & റെഡിമെയ്ഡ്സ് | 2,000/- | 300/- |
| 7/338 A | ഗ്ലോബൽ പ്രോഡക്ട് | 2,000/- | 500/- |
| 18/1065 | കുട്ടിപ്പട്ടുമാൽ റെഡിമെയ്ഡ്സ് | 2,500/- | 200/- |
| 17/50 A,B | ബിസ്മി ട്രേഡേഴ്സ് | 2,500/- | 300/- |
| 18/1065 | പട്ടുറുമാൽ റെഡിമെയ്ഡ്സ് | 3,000/- | 200/- |
| 8/750 J,L.M,N | ഫാത്തിമ ട്രേഡിംഗ് | 3,000/- | 300/- |

ഒരേ വിറ്റുവരവുള്ള സ്ഥാപനങ്ങൾക്ക് വ്യത്യസ്ത തരത്തിൽ ലൈസൻസ് ഫീ വാങ്ങാതെ, ചട്ടപ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കേണ്ടതാണ്.

2) 2017-18 സാമ്പത്തിക വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് (നം.6/17-18 തീയതി-17.01.19) മറുപടി ലഭ്യമായിട്ടില്ല.

## 2-5 വാടകവരവ്-അപാകതകൾ

പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കൈതപ്പൊയിൽ ഷോപ്പിംഗ് സെന്ററിലെ 8 മുറികളുടെ 2017-18 വർഷത്തെ വാടക വരവ് പരിശോധിച്ചപ്പോൾ ചുവടെ ചേർത്ത അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഷോപ്പിംഗ് സെന്ററിലെ പല വാടകക്കാരും വാടക അടച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തുമായി കരാർ വെച്ചിട്ടില്ല.

ടി വാടകക്കാരുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഷോപ്പ് നമ്പർ (പഴയത്) | ഷോപ്പ് നമ്പർ (പുതിയത്) | വാടകക്കാരന്റെ പേര് | വാടക |
|---|---|---|---|---|
| 1 | 3/20 D | 9/26 | ഹംസ, കൊടിയിൽ, കൈതപ്പൊയിൽ | 3217/- |
| 2 | 3/20 I | 9/22 | ഷാദിഖ്, മുള്ളുല്ലകയിൽ, മല്ലാലപറമ്പ | 1542/- |
| 3 | 3/20 B | 9/28 | മുഹമ്മദ്, കൊടിയിൽ | 3062/- |
| 4 | 3/20 E | 9/25 | അബ്ദുൾ അസീസ്, പറശ്ശേരിമണ്ണിൽ, മണൽവയൽ | 3148/- |
| 5 | 3/20 H | 9/24 | ദിലീപ് ചന്ദ്രൻ, പുഴംകുന്നമ്മൽ | 1542/- |
| 6 | 3/20 F | 9/23 | സുഹറ, തെക്കുംതോട്ടത്തിൽ, | 2749/- |

| | | | | |
|---|---|---|---|---|
| | | | കൈതപ്പൊയിൽ | |

കരാർ ഇല്ലാത്ത പക്ഷം കോടതി വ്യവഹാരങ്ങളിലും മറ്റും പഞ്ചായത്തിന് നിയമപരമായി നടപടികൾ സ്വീകരിക്കുന്നതിൽ തടസ്സം നേരിടുന്നതാണ്.

2) ഷോപ്പിംഗ് കോംപ്ലക്സ് വാടക സംബന്ധിച്ച് പഞ്ചായത്ത് ബൈലോ തയ്യാറാക്കിയിട്ടില്ല.
3) ഡിമാന്റ് രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല.
ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നുള്ള വാടക വരവ് സംബന്ധിച്ച് ബൈലോ തയ്യാറാക്കൽ,വാടകക്കാരുമായി കരാർ വെയ്ക്കൽ,വാടക രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തൽ എന്നീ കാര്യങ്ങളിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ മേൽനോട്ടം വഹിക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.17/17-18 തീയതി-17.01.19) മറുപടി ലഭ്യമായിട്ടില്ല.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കിയില്ല - സർക്കാർ ഗ്രാന്റിനത്തിൽ 3.51കോടി രൂപ വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല.

2017- 18 വർഷം ഡി.പി.സി അംഗീകാരം വാങ്ങിയ 183 മരാമത്ത് പ്രോജക്ടുകളിൽ 114 എണ്ണം പുതിയ പ്രോജക്ടുകളും 69 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളുമാണ്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യഗസ്ഥനായുള്ള 114 പുതിയ പ്രോജക്ടുകളിൽ 74 എണ്ണത്തിനും 69 സ്പിൽ ഓവർ പ്രോജക്ടുകളിൽ 27 പ്രവൃത്തികൾക്കും തൻവർഷം തുകയൊന്നും ചെലവഴിച്ചില്ല. ആകെയുള്ള മരാമത്ത് പ്രവൃത്തികൾക്കായി വകയിരുത്തിയ അടങ്കൽ തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | അടങ്കൽ | ചെലവഴിച്ച തുക | ചെലവഴിക്കാത്ത തുക | ചെലവഴിച്ചതിന്റെ ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 20,86,465 | 6,70,020 | 14,16,445 | 32.11 |

| | | | | |
|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി | 56,12,186 | 3,86,878 | 52,25,308 | 6.89 |
| വികസനഫണ്ട് - ടി.എസ്.പി | 9,25,811 | 0 | 9,25,811 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1,74,94,543 | 32,09,356 | 1,42,85,187 | 18.34 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 7,49,700 | 4,35,835 | 3,13,865 | 58.13 |
| തനത് ഫണ്ട് | 32,48,700 | 3,50,000 | 28,98,700 | 10.77 |
| ലോകബാങ്ക് ധനസഹായം | 32,49,815 | 29,03,713 | 3,46,102 | 89.35 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 5,10,000 | 0 | 5,10,000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 1,90,04,208 | 98,31,200 | 91,73,008 | 51.73 |
| സംരക്ഷണഗ്രാന്റ്-റോഡിതരം | 57,19,500 | 16,57,103 | 40,62,397 | 28.97 |
| ആകെ | 5,86,00,928 | 1,94,44,105 | 3,91,56,823 | 33.18 |

മേൽ പട്ടികയിൽ സൂചിപ്പിച്ചതു പോലെ തൻവർഷം മരാമത്ത് പ്രവൃത്തികൾക്ക് ആകെ അടങ്കലിന്റെ 33.18% തുക മാത്രമേ ചെലവഴിച്ചുള്ളൂ. ചെലവഴിക്കാത്ത ഗ്രാന്റ് തുക സാമ്പത്തിക വർഷാവസാനം സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചെടുക്കുന്നതിനാൽ ഫലത്തിൽ താഴെ പറയുന്ന രൂപത്തിൽ 3,50,88,156 രൂപ പഞ്ചായത്തിന് നഷ്ടപ്പെട്ടിരിക്കയാണ്.

| | |
|---|---|
| വികസന ഫണ്ട്-ജനറൽ | 14,16,445 |
| വികസന ഫണ്ട്- എസ്.സി.പി | 52,25,308 |

| | |
|---|---|
| വികസനഫണ്ട് - ടി.എസ്.പി | 9,25,811 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1,42,85,187 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 91,73,008 |
| സംരക്ഷണഗ്രാന്റ്- റോഡിതരം | 40,62,397 |
| ആകെ | 3,50,88,156 |

റോഡ് കണക്ടിവിററി പ്ലാനും മാപ്പും ഇല്ലാതെയാണ് റോഡ് വികസന പ്രവർത്തനങ്ങൾക്കായി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് . ആയതിനാൽ സമഗ്രമായ റോഡ് വികസനം സാധ്യമാക്കുന്ന തരത്തിൽ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. 2017-18 വർഷം ഗ്രാമപഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിന് 183 മരാമത്ത് പ്രവൃത്തികളാണ് നടപ്പാക്കേണ്ടിയിരുന്നത്. ഇത്രയും പദ്ധതികൾ നിർവ്വഹണം നടത്തുന്നതിന് ഗ്രാമപഞ്ചായത്തിൽ ലഭ്യമായ ഒരു അസിസ്റ്റൻഡ് എഞ്ചിനീയറുടെയും രണ്ട് ഓവർസിയർമാരുടെയും സേവനം പര്യാപ്തമല്ല. കൂടാതെ മിക്ക പദ്ധതികളും സാമ്പത്തിക വർഷം അവസാനിക്കുന്നതിന് തൊട്ടുമുൻപുള്ള മാസങ്ങളിലാണ് കരാറുകാരനുമായി കരാറിൽ ഏർപ്പെട്ടത്. സാങ്കേതികാനുമതി ലഭിച്ചതിനുശേഷം ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറുകാരുമായി സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുമ്പ് കരാർ വെയ്ക്കാൻ സാധിക്കാത്തതിനാൽ ചില പ്രൊജക്ടുകൾ സ്പിൽഓവറായി കൊണ്ടുവരാൻ സാധിക്കാത്ത അവസ്ഥയിൽ ഒഴിവാക്കപ്പെട്ടിട്ടുമുണ്ട്. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളും വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം ഗണ്യമായി കുറയ്ക്കണം എന്ന് പദ്ധതി മാർഗ്ഗരേഖയിലെ [ജി.ഒ. (എം.എസ്) നം.72/2017/തസ്വഭവ തീയതി. 29.03.2017) ഖണ്ഡിക 5.4 പ്രകാരം നിഷ്കർഷിക്കുന്നു. എന്നാൽ ഇത്തരത്തിൽ പദ്ധതികളുടെ എണ്ണം കുറയ്ക്കാൻ പഞ്ചായത്തിന് കഴിഞ്ഞില്ല. 2017-18 വർഷം ഗ്രാമപഞ്ചായത്തിന് അംഗീകാരം ലഭിച്ച പദ്ധതികളുടെ അടങ്കലിന്റെ വിവരം താഴെ കൊടുക്കുന്നു.

| അടങ്കൽ | പദ്ധതികളുടെ എണ്ണം | റിമാർക്സ് |
|---|---|---|
| 1 ലക്ഷം രൂപ വരെ | 28 | |

| | | |
|---|---|---|
| 1,00,001–2,00,000 | 46 | |
| 2,00,001–3,00,000 | 45 | |
| 3,00,001–4,00,000 | 25 | |
| 4,00,001–5,00,000 | 18 | |
| 5,00,000 ന് മുകളിൽ | 21 | 5,00,000 ന് മുകളിലുള്ള 21 പദ്ധതികളിൽ 2 എണ്ണം മാത്രമേ തൻവർഷം നടപ്പിലാക്കിയുള്ളൂ. |
| ആകെ | 183 | |

സ.ഉ.(സാധാ) നം. 3088/2018/ധന. തീയതി, 31.03.2018 പ്രകാരം വിവിധ പ്രാദേശിക സർക്കാരുകൾക്കുള്ള 2016-17 ലെ സ്പിൽഓവർ തുക അനുവദിച്ച് ഉത്തരവായിട്ടുണ്ട്. 100% വികസനഫണ്ട് വിനിയോഗം നടത്തിയ പ്രാദേശിക സർക്കാരുകൾക്ക് സ്പിൽഓവർ പദ്ധതികൾക്കുള്ള തുക അനുവദിക്കുന്നുവെന്നാണ് ഈ ഉത്തരവിൽ വ്യക്തമാക്കുന്നത്. ഈ സാഹചര്യത്തിൽ സ്പിൽഓവർ പദ്ധതികൾക്കുള്ള തുക സർക്കാരിൽ നിന്നും ലഭ്യമാകണമെങ്കിൽ 2018-19 വർഷത്തെ വികസനഫണ്ട് 100% ചെലവഴിക്കേണ്ടതുണ്ട്.

വർക്കിംഗ് ഗ്രൂപ്പ്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ പ്രവർത്തനം: പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ അഞ്ച് യോഗങ്ങളും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിററിയുടെ 12 യോഗങ്ങളും 2017-18 വർഷം ചേർന്നിരിന്നു. ഇതിൽ ഒരു യോഗത്തിലും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നിർദ്ദേശങ്ങളോ തീരുമാനങ്ങളോ ഉണ്ടായില്ല. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും മോണിട്ടറിംഗ് നടത്തുന്നതിനും വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗത്തുനിന്നും ഫലപ്രദമായമായ നടപടികളും ഉണ്ടായിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ടിൽ പൊതുമരാമത്തിനെ സംബന്ധിച്ച വിശകലനങ്ങളോ പ്രശ്നപരിഹാര സാദ്ധ്യതകളോ ഉൾപ്പെടുത്തിയില്ല. എന്നാൽ അന്തിമ പദ്ധതിരേഖയിൽ മരാമത്ത് പദ്ധതികൾ പൂർത്തീകരിക്കുന്നതിനെപ്പറ്റി പരാമർശിക്കുന്നുണ്ടെങ്കിലും അത്തരം നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.

1/11.01.2019) മറുപടി ലഭ്യമാക്കിയില്ല. നിർവ്വഹണത്തിലെ വീഴ്ച മൂലം സ്ഥാപനത്തിനുണ്ടായ ധനനഷ്ടത്തിന് മറുപടി സമർപ്പിക്കേണ്ടതും പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ച ക്രമീകരണങ്ങൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 3-2 റോഡ് പ്രവൃത്തികൾക്ക് (MoRD) അധിക നിരക്കിൽ ഓവർഹെഡ് ചാർജ്ജ് നൽകുന്നു.

തൻവർഷം ഗ്രാമപഞ്ചായത്തിലെ റോഡ് പ്രവൃത്തികൾ MoRD സ്പെസിഫിക്കേഷൻ പ്രകാരമാണ് നിർവ്വഹണം നടത്തിയത്. PRICE LSGD എന്ന സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി നടത്തിയാണ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. ഇപ്രകാരമുള്ള പ്രവൃത്തികളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയിരിക്കുന്നത് 10% ഓവർഹെഡ് ചാർജ്ജും അതിന്മേൽ കരാറുകാരന്റെ 10% ലാഭവും ഉൾപ്പെടുത്തിയാണ്. MoRD സ്പെസിഫിക്കേഷൻ അനുസരിച്ച് തയ്യാറാക്കിയ സ്റ്റാൻഡേർഡ് ഡാറ്റാബുക്ക് പ്രകാരമുള്ള ഡാറ്റയെ അടിസ്ഥാനമാക്കിയാണ് PRICE LSGD ൽ MoRD പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കിയിരിക്കുന്നത്. സ്റ്റാൻഡേർഡ് ഡാറ്റാബുക്ക് തയ്യാറാക്കുന്നതിനുള്ള അടിസ്ഥാന സമീപനങ്ങളും പൊതുമാനദണ്ഡങ്ങളും വിവരിക്കുന്ന ആമുഖത്തിലെ ഖണ്ഡിക നം. 4 ൽ ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിന്റെ സാഹചര്യം വ്യക്തമാക്കുന്നുണ്ട്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പ്രവൃത്തികൾക്ക് 20% വും OH കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ചുകൊണ്ടാണെന്ന് മേൽ ഖണ്ഡികയിൽ സൂചിപ്പിക്കുന്നു. ഇവയിൽ പ്രധാനപ്പെട്ടതും ഗ്രാമപഞ്ചായത്തിന്റെ റോഡ് പ്രവൃത്തികൾ പരിഗണിക്കുമ്പോൾ അപ്രസക്തവുമായ ഘടകങ്ങൾ താഴെ കൊടുക്കുന്നു.

1. പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം, വൈദ്യുതി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്.

2. സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്.

3. ലേബർ നിയമ പ്രകാരമുള്ള ചെറിയ തോതിലുള്ള ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്.

4. മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.

5. MoRD സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്.

6. വാച്ച് & വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.

7. നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്.

അവശേഷിക്കുന്ന ഇനങ്ങളുടെ കാര്യത്തിൽ മിക്കതിലും ഭാഗിക ചെലവോ ചെലവ് തന്നെ ഇല്ലെന്നോ കാണാം. 17 ാം ഇനമായി സൂചിപ്പിച്ച സെയിൽ / ടേൺ ഓവർ ടാക്സ് ഇനത്തിൽ വരുന്ന ചെലവാണ് കുറഞ്ഞ അടങ്കലിലുള്ള പ്രവൃത്തികൾ ചെയ്യുമ്പോൾ കരാറുകാരന് ഉണ്ടാകുന്ന യഥാർത്ഥ ചെലവ്.

ഗ്രാമപഞ്ചായത്തുകളുടെ പ്രത്യേക സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതായതു കൊണ്ടും ഇതുതന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രോജക്ട് ചെലവ് മാത്രം വരുമെന്നതിനാലും മേൽപറഞ്ഞ ചെലവുകൾ കരാറുകാരന് വഹിക്കേണ്ടി വരുന്നില്ല. എന്നാൽ വലിയ പ്രവൃത്തികൾക്കെന്ന പോലെ ഓവർഹെഡ് ചാർജ്ജ് പൂർണ്ണമായും (10%) നൽകുന്നത് അനർഹമാണ്. കൂടാതെ ഇത് പഞ്ചായത്തിന് വൻ സാമ്പത്തിക നഷ്ടവും ഉണ്ടാക്കുന്നു. PRICE LSGD എന്ന സോഫ്റ്റ് വെയറിൽ തന്നെ തയ്യാറാക്കുന്ന MoRTH സ്പെസിഫിക്കേഷനിൽ റോഡ് നിർമ്മാണത്തിന് 5% ഓവർഹെഡ് ചാർജ്ജാണ് നല്കിവരുന്നത് എന്ന കാര്യം ശ്രദ്ധേയമാണ്. തൻവർഷം ഗ്രാമപഞ്ചായത്ത് 1.62 കോടി രൂപയുടെ റോഡ് നിർമ്മാണ പ്രവൃത്തികൾ നടത്തിയതിൽ 13.39 ലക്ഷം രൂപ ഓവർഹെഡ് ചാർജ്ജിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ കരാറുകാരന് മേൽ പരാമർശിച്ച പ്രകാരമുള്ള അനർഹമായ തുകയും ഉൾപ്പെടുന്നു. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 11/13.01.2019) മറുപടി ലഭ്യമാക്കിയില്ല.

കരാറുകാർക്ക് അധിക തുക നൽകിയതിന് വിശദമായ മറുപടി നൽകേണ്ടതും ഗ്രാമപഞ്ചായത്തിലെ റോഡ് പ്രവൃത്തികൾക്ക് കുറഞ്ഞ നിരക്കിലുള്ള ഓവർഹെഡ് ചാർജ്ജ് നൽകുന്നതിനുള്ള നടപടികൾ ഭരണതലത്തിൽ സ്വീകരിക്കേണ്ടതുമാണ്.

## 3-3 സ്പിൽഓവർ ഓവർ പ്രോജക്ടുകൾ - സ്പിൽഓവർ ആയ അതേ വർഷം തന്നെ നിർമ്മാണം പൂർത്തിയാക്കിയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം നടപ്പിലാക്കിയ 69 മരാമത്ത് സ്പിൽഓവർ പ്രോജക്ടുകളിൽ 27 എണ്ണത്തിന് തൻവർഷം തുക ചെലവഴിക്കുകയോ അതേ വർഷം തന്നെ പ്രവൃത്തി പൂർത്തിയാക്കുകയോ ചെയ്തില്ല.

പദ്ധതി മാർഗ്ഗരേഖ [ജി.ഒ (എം.എസ്) നം.72/2017/തസ്വഭവ തീയതി 29.03.2017] യിലെ ഖണ്ഡിക നം 6.8 പ്രകാരം സ്പിൽഓവർ ഓവർ പ്രോജക്ടുകൾ സ്പിൽഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും നിർമ്മാണം പൂർത്തിയാക്കണമെന്ന് നിഷ്കർഷിക്കുന്നു. 27 സ്പിൽഓവർ പ്രവൃത്തികൾക്ക് വകയിരുത്തിയ ഫണ്ടിൽ നിന്ന് യാതൊരു തുകയും തൻവർഷം ചെലവഴിച്ചില്ല.

ഫലത്തിൽ മേൽ പ്രവൃത്തികൾ ആയത് ഉപേക്ഷിക്കപ്പെട്ടിരിക്കയാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 2/11.01.2019) മറുപടി ലഭ്യമാക്കിയില്ല. മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിക്കാതിരുന്നതിന് മറുപടി നൽകേണ്ടതാണ്.

## 3-4 റോഡ് പ്രവൃത്തികളിൽ പാച്ച് സോളിംഗ് വ്യാപകം

2017-18 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യഗസ്ഥനായി നടപ്പിലാക്കിയ നിലവിലെ റോഡിന്മേലുള്ള തുടർ പ്രവൃത്തികളിൽ മിക്ക നിർമ്മാണങ്ങളിലും പാച്ച് സോളിംഗ് നടത്തിയതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് നം, എം ബുക്ക് നം | പ്രോജക്ടിന്റെ പേര് | ആകെ പ്രവൃത്തി മൂല്യം | പാച്ച് സോളിംഗ് ചെലവ് | പാച്ച് സോളിംഗ് % |
|---|---|---|---|---|---|
| 1. | 290/18, 59/17-18 | അടിവാരം വള്ള്യാട് പൊട്ടിക്കൈ റോഡ് റീ-ടാറിംഗ് | 1,50,000 | 80,250 | 53.50% |
| 2. | 87/18, 37/16-17 | വെസ്റ്റ് പുതുപ്പാടി - കാരക്കുന്ന് കണ്ണപ്പൻ കുണ്ട് റോഡ് | 4,43,000 | 1,59,793 | 36% |
| 3. | 86/18, 541/17-18 | വെള്ളംകുന്ന് - മണൽ വയൽ റോഡ്, റീച്ച്-2 | 99,930 | 39,796 | 40% |
| 4. | 163/18, 02/17-18 | കണലാട് എസ്.സി കോളനി റോഡ് റീടാറിംഗ് | 2,99,564 | 90,462 | 30% |

| | | | | | |
|---|---|---|---|---|---|
| 5. | 170/18, 10/17-18 | കുപ്പായക്കോട് മുട്ടിൽപാറ റോഡ് | 4,00,000 | 1,01,789 | 25.44% |

മേൽ പരാമർശിച്ച എല്ലാ പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് റിപ്പോർട്ട് ഒരേ രൂപത്തിലുള്ളതാണ്. നിലവിലുള്ള റോഡ് 5 വർഷം മുൻപ് ടാറിംഗ് ചെയ്തതാണെന്നും ആയത് തീർത്തും തകർന്ന അവസ്ഥയിലായതിനാൽ റീ-ടാറിംഗ് ആവശ്യമാണെന്നും റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു.

പട്ടികയിൽ സൂചിപ്പിച്ചതു പോലെ 5 വർഷം മുൻപ് ടാറിംഗ് ചെയ്ത റോഡ് പ്രവൃത്തികളുടെ ആകെ പ്രവൃത്തിമൂല്യത്തിന്റെ വലിയൊരു ഭാഗം പാച്ച് സോളിംഗ് / പോട്ട് ഹോൾ ഫില്ലിംഗിനായി ഉപയോഗിക്കേണ്ടി വരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 3-5 വ്യത്യസ്ത പ്രവൃത്തികൾക്ക് ഒരേ എസ്റ്റിമേറ്റും ഒരേ പോട്ട് ഹോൾ ഫില്ലിംഗും

2017-18 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികളിൽ താഴെ പറയുന്ന 3 റോഡ് പ്രവൃത്തികൾക്ക് ഒരേ എസ്റ്റിമേറ്റും ഒരേ തരത്തിലുള്ള പോട്ട്ഹോൾ ഫില്ലിംഗും നടത്തിയതായി കണ്ടു. ഈ മൂന്ന് റോഡുകളുടെയും ചെയിനേജ് 188 മീറ്ററാണ്.

| ക്രമ നം | പ്രോജക്ട് നം, എം ബുക്ക് നം | പ്രോജക്ടിന്റെ പേര് | സാങ്കേതികാനുമതി നം | ചെലവ്, ബിൽ നം |
|---|---|---|---|---|
| 1. | 131/18, 3/2017-18 | മണിയോട്ട് മുണ്ട റോഡ് | 54168/2017-18 | 2,43,773/- – 33/14.02.2018 |
| 2. | 169/18, 19/17-18 | റാട്ടപ്പള്ളി ഈസ്റ്റ് കുപ്പായക്കോട് റോഡ് | 53443/2017-18 | 3,00,000/- – 42/05.03.2018 |

| | | | | |
|---|---|---|---|---|
| 3. | 216/18, 38/2017-18 | ഫാക്ടറിപ്പടി പുഴ റോഡ് | 53815/2017-18 | 3,00,000/- -58/28.03.2018 |

മേൽ പറഞ്ഞ 3 പ്രവൃത്തികൾക്കും എസ്റ്റിമേറ്റ് പ്രകാരം ഒരേ പോലെ താഴെ കൊടുത്ത രീതിയിൽ പോട്ട്ഹോൾ ഫില്ലിംഗിനുള്ള വിസ്തീർണ്ണം കണക്കാക്കിയിട്ടുണ്ട്.

| എണ്ണം | അളവുകൾ (മീറ്ററിൽ) | | | ആകെ വ്യാപ്തം |
|---|---|---|---|---|
| | നീളം | വീതി | ഉയരം | |
| 4 | 10.000 | 1.000 | 0.075 | 3.00 |
| 5 | 2.000 | 2.000 | 0.075 | 1.50 |
| 3 | 1.000 | 1.000 | 0.075 | 0.225 |
| 3 | 3.000 | 3.000 | 0.075 | 2.025 |
| ആകെ | | | | 6.75 ഘന മീ. |

എം.ബുക്ക് പരിശോധിച്ചതിൽ 3 പ്രവൃത്തികളിലും പോട്ട്ഹോൾ ഫില്ലിംഗ് 6.75 ഘനമീറ്റർ വീതം നടത്തിയിരിക്കുന്നു. ആയതിന് യൂണിറ്റിന് 3089.51 രൂപ പ്രകാരം 20,885/- രൂപ വീതം അനുവദിക്കുകയും ചെയ്തു. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 23/17.01.2019) മറുപടി ലഭ്യമാക്കിയില്ല.

മേൽ പറഞ്ഞ മൂന്ന് പ്രവൃത്തികൾക്കും ഒരേ തരത്തിലുള്ള എസ്റ്റിമേറ്റും പോട്ട്ഹോൾ ഫില്ലിംഗും ഉണ്ടാകാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## 3-6 ആസ്തികളിന്മേലുള്ള ആക്ഷേപങ്ങൾ സ്വീകരിക്കാൻ പത്രപരസ്യം - 31,920 രൂപ പാഴ്ചെലവായി

പൊതുജനങ്ങൾ ഗതാഗതത്തിനും സഞ്ചാരത്തിനുമായി വർഷങ്ങളായി ഉപയോഗിച്ചു കൊണ്ടിരിക്കുന്ന 33 പൊതു റോഡുകളും 6 നടപ്പാതകളും ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ആയതിന്മേൽ വല്ല ആക്ഷേപങ്ങളുമുണ്ടെങ്കിൽ രേഖാമൂലം സെക്രട്ടറിക്ക് സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് 19.12.2016 ന് മനോരമ പത്രത്തിൽ പരസ്യം നൽകി. ആക്ഷേപങ്ങളില്ലാത്തപക്ഷം 1994 ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 169 പ്രകാരം എല്ലാ ഉടമസ്ഥാവകാശങ്ങളും ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കി റോഡുകളും നടപ്പാതകളും ഏറ്റെടുത്ത് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണെന്നും പരസ്യത്തിൽ വ്യക്തമാക്കുന്നു. പത്രപരസ്യം നൽകുന്നതിനായി 31,920/- രൂപ (വൗച്ചർ നം. 21700053 തീയതി. 22.04.2017) ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ

ആസ്തിരജിസ്റ്ററിൽ 31.03.2009 ന ശേഷം സൃഷ്ടിക്കപ്പെട്ടിട്ടുള്ള ആസ്തികൾ ഉൾപ്പെടുത്തിയിട്ടില്ല. 17 ാം വാർഡിലെ ആശ്രമം ബൈപ്പാസ് റോഡും (ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല) ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള കൈതപ്പൊയിൽ പുറമ്പോക്ക് സ്ഥലം കൈയേറിയതായി പരാതികൾ ലഭിച്ചിട്ടുണ്ട് (ഭരണസമിതിയുടെ 29(5,20)/20.09.2017 എന്നീ തീരുമാനങ്ങൾ കാണുക). ആസ്തി രജിസ്റ്റർ കൃത്യമല്ലാത്തത് കാരണം ഇത്തരം കൈയേറ്റങ്ങൾക്കെതിരെ ഫലപ്രദമായ നടപടി സ്വീകരിക്കാൻ ഗ്രാമപഞ്ചായത്തിന് കഴിയുന്നില്ല.

06.08.2012 ലെ സ.ഉ (കൈ) നം. 212/2012/തസ്വഭവ ഉത്തരവ് പ്രകാരം സെക്രട്ടറിയുടെ മേൽനോട്ടത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയുള്ള അസിസ്റ്റന്റ് എഞ്ചിനീയർ/ ഓവർസിയർ ആണ് ആസ്തിരജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തേണ്ടത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് ആവശ്യമുള്ളപക്ഷം യോഗ്യരായവരെ ദിവസവേതന അടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിക്കാവുന്നതാണെന്ന് ജി.ഒ (ആർ.ടി) 59/2012/ തസ്വഭവ/ 06.01.2012 ൽ സൂചിപ്പിക്കുന്നു. എഞ്ചിനീയർമാരും ഓവർസിയർമാരും, ആവശ്യമെങ്കിൽ മറ്റെല്ലാ പ്രവർത്തനങ്ങളും മാറ്റിവെച്ച് മറ്റ് ഉദ്യോഗസ്ഥരുടെയും മെമ്പർമാരുടെയും സഹായത്തോടുകൂടി 31.03.2013 വരെ ഗ്രാമപഞ്ചായത്ത് ആർജ്ജിച്ച മുഴുവൻ ആസ്തികളുടെയും വിവരങ്ങൾ സചിത്ര സോഫ്റ്റ് വെയർ ആപ്ലിക്കേഷനിൽ രേഖപ്പെടുത്തി പൂർണ്ണമാക്കേണ്ടതാണെന്ന് 18.07.2013 ലെ സ.ഉ (കൈ)നം.255/2013/തസ്വഭവ യിലും നിർദ്ദേശിക്കുന്നുണ്ട്. ആസ്തി രജിസ്റ്റർ പൂർണ്ണമാക്കുന്നനതിന് അന്തിമ പദ്ധതിരേഖയിൽ നിർദ്ദേശിക്കുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചില്ല. ഇത്തരം സാഹചര്യങ്ങളും ഉത്തരവുകളും ഉണ്ടായിട്ടും 2009 വർഷത്തിനുശേഷം ഗ്രാമപഞ്ചായത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 3/11.01.2019) മറുപടി ലഭ്യമാക്കിയില്ല.

ആസ്തിരജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കാതെ പത്രപരസ്യം നൽകിയതിന് മറുപടി നൽകേണ്ടതും ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുഴുവൻ ആസ്തികളും രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങളുടെ വിശദാംശങ്ങളും ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. 31,920/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. തൃപ്തികരമായ മറുപടി ലഭ്യമാക്കാത്തപക്ഷം തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## 3-7 വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം പദ്ധതി നടത്തിപ്പിൽ അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ ഹെഡ് മാസ്റ്റർ

പ്രോജക്റ്റ് നമ്പർ 1. So 226/18 -8,9,ക്ളാസ്സിൽ പഠിക്കുന്ന എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം

ചെലവ് 295089/- Bill No 05/17-18 dated 21.03.18

പ്രോജക്ട് നമ്പർ 2. SO227/18, -8,9, ക്ളാസ്സുകളിൽ പഠിക്കുന്ന എസ്.ടി.വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം

ചെലവ് 35,184/- Billno6/17-18,28.03.18,

ഗ്രാമപഞ്ചായത്തിലെ ഹൈസ്കൂളിൽ 8,9 ക്ലാസ്സുകളിൽ പഠിക്കുന്ന എസ് സി, എസ്.ടി വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകുക എന്ന ഉദ്ദേശത്തോടെ മേൽ പദ്ധതി നടപ്പാക്കി. സൈക്കിൾ നൽകിയത് 66 എസ്.സി.വിദ്യാർത്ഥികൾക്കും 8എസ്.ടി. വിദ്യാർത്ഥികൾക്കുമാണ്. എസ് .സി.വിദ്യാർത്ഥികൾക്കുള്ള സൈക്കിൾ, ടെണ്ടർ പ്രകാരം Fidco Enterprises (Invoice No 380/12.03.2018) എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയത്. എസ്.ടി. വിദ്യാർത്ഥികൾക്കുള്ള സൈക്കിൾ Azil Cycle Traders Taj Road കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി.

പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടു.

1)തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കാനുള്ള മാർഗ്ഗരേഖ ജി ഒ (പി)259/2010 ത സ്വ ഭ വ 8.11.2010 ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1) ഒരു ലക്ഷത്തിൽ കൂടുതൽ മതിപ്പു വിലയുള്ള സാധനങ്ങൾ ഓപ്പൺ ടെന്ററിൽ കൂടെ വാങ്ങണം.

2) വ്യാപക പ്രചാരമുള്ള ഒരു ഇംഗ്ളിഷ് ദിനപത്രത്തിലും മലയാളദിന പത്രത്തിലും പരസ്യം ചെയ്യണം.

3) ടെണ്ടർ ഫോറത്തിന്റെ വിൽപനയ്ക്കും സമർപ്പണത്തിനുമായി പരസ്യതിയതി മുതൽ 21 ദിവസം നൽകണം.

4) ടെണ്ടർ സമർപ്പിച്ചവരുടെയും സോഷ്യൽ ഓഡിറ്റ് കമ്മിറ്റി അംഗത്തിന്റെയും സാന്നിദ്ധ്യത്തിൽ ടെണ്ടറുകൾ പരസ്യമായി തുറക്കണം. എന്നാൽ മേൽ പദ്ധതി നടപ്പിലാക്കിയത് മേൽ നിബന്ധനകൾ പാലിക്കാതെയാണ്.

ജി ഒ (എം എസ്) 80/2017 തസ്വഭവ 03.04.2017 പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റ് പ്രകാരമാണ് ആനുകൂല്യം നൽകേണ്ടത്. ഒരു വിദ്യാർത്ഥിയ്ക്ക് ഒരിക്കൽ മാത്രമേ സൈക്കിൾ നൽകാവൂ. പട്ടികജാതി, പട്ടിക വർഗ്ഗവകുപ്പിൽ നിന്നോ മറ്റേതെങ്കിലും

സ്രോതസ്സുകളിൽ നിന്നോ ആനുകൂല്യം കൈപ്പറ്റരുത്. അത് തെളിയിക്കുന്നതിന്നായി മേൽ വകുപ്പിൽ നിന്നും ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന പട്ടികജാതി ക്ഷേമവകുപ്പ് അധികൃതരുടെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ഇതിനുപുറമെ നിർധന വിദ്യർത്ഥികൾക്ക് മുൻഗണനന നൽകേണ്ടതാണ്. എന്നാൽ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് കാണിക്കുന്ന വകുപ്പിൽ നിന്നുള്ള സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ ചില ഗുണഭോക്താക്കളുടെത് ഹാജരാക്കിയിട്ടില്ല.

3) 8,9 ക്ളാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് സൈക്കിൾ നൽകണമെന്ന് പ്രോജക്ടിൽ വ്യക്തമാക്കുന്നുണ്ടെങ്കിലും ചില സ്കൂൾ സർട്ടിഫിക്കറ്റിൽ വിദ്യാർത്ഥി പഠിക്കുന്ന ക്ലാസ്സ് രേഖപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിനു പുറത്തുള്ള സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും സൈക്കിൾ നൽകിയിട്ടുണ്ട്. എന്നാൽ ആവശ്യമായ മാറ്റം പ്രോജക്ടിൽ വരുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/17-18 തീയതി-16.01.19) മറുപടി ലഭ്യമായിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## **3-8** <u>തെങ്ങിന് വളം വിതരണം.പ്രൊജക്ട് നടത്തിപ്പിൽ അപാകതകൾ</u>

| | |
|---|---|
| പ്രൊജക്ട് നമ്പർ | So 176/18 |
| നിർവഹണം | കൃഷിഓഫീസർ |
| ചെലവുതുക | 795306ബിൽനമ്പർ 05/02.03.18) |
| | 29284ബിൽ നമ്പർ 06/17.03.18)) |

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തെങ്ങ് കർഷകർക്ക് തെങ്ങിന് വളം ചെയ്യുന്നതിനായി നടപ്പിലാക്കിയ മേൽ പ്രൊജക്ട് പ്രകാരം തെങ്ങൊന്നിന്, രാസവളം, ജൈവവളം എന്നിവ 482 കർഷകർക്ക് Varadhan Traders Engapuzha, Karikulathil Agencies Engapuzha, Goodwill Traders Adivaram എന്നീ സ്ഥാപനങ്ങൾ മുഖേന വിതരണം ചെയ്യുകയും ആയതിന്റെ സബ്സിഡി തുക ഗുണഭോക്താക്കളുടെ പേരിലുള്ള ബാങ്ക് എക്കൗണ്ടുകളിലേക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. പ്രൊജക്ട് നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെക്കൊടുക്കുന്നു.

1 മേൽ സ്ഥാപനങ്ങൾ മുഖേന വിതരണം ചെയ്ത ജൈവവളങ്ങളുടെ വില നിശ്ചയിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2 ഗുണഭോക്താക്കൾ ഹാജരാക്കിയ വളത്തിന്റെ ബില്ലിൽ ഒന്നും തന്നെ വിതരണം ചെയ്ത സ്ഥാപനത്തിൻെറ സീൽ പതിച്ചിട്ടില്ല.

3 പ്രാദേശികമായി ജൈവ വളങ്ങളുടെ യൂണിറ്റ്കോസ്റ്റ് ജില്ലാതലത്തിൽ കൃഷിവകുപ്പ് നിശ്ചയിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത നിബന്ധന പാലിച്ചിട്ടില്ല.

4 കാർഷിക കർമ്മസേനകൾ, കർഷകഗ്രൂപ്പുകൾ, കർഷകർ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ജോയൻറ് ലയബിലിറ്റി ഗ്രൂപ്പുകൾ തുടങ്ങിയവർ പ്രാദേശികമായി ഉൽപാദിക്കുന്ന ജൈവവളങ്ങൾ, സഹകരണ സ്ഥാപനങ്ങൾ നേരിട്ട് ഉൽപാദിക്കുന്നവ എന്നിവരിൽ നിന്നും കൃഷിഓഫീസർ കൺവീനറായ പർച്ചേസ് കമ്മിറ്റി വാങ്ങി വിതരണം ചെയ്യണമെന്ന നിബന്ധന പാലിച്ചിട്ടില്ല.

അപാകതകൾക്ക് വിശദികരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/17-18 തീയതി-16.01.19) മറുപടി ലഭ്യമായിട്ടില്ല. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നിർവഹണം നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-9 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - പദ്ധതിനടത്തിപ്പിൽ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഡയറി എക്സ്റ്റൻഷൻ ഓഫിസർ

തൻവർഷം പാലിന് സബ്സിഡി ഇനത്തിൽ രണ്ട് പദ്ധതികൾ നടപ്പിലാക്കി. പാലിന് സബ്സിഡി ജനറൽ (So 109/18) പാലിന് സബ്സിഡി വനിത(So110/18) എന്നിവയാണ്. മേൽ പദ്ധതികൾ വികസനഫണ്ട്, ബ്ളോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാപഞ്ചായത്ത് വിഹിതം എന്നിവചേർത്താണ് ചെലവഴിച്ചത്. ചെലവിൻെറ വിശദവിവരങ്ങൾ താഴെചേർക്കുന്നു
പാലിന് സബ്സിഡി ജനറൽ (SO 109/18)

| ക്രമ നമ്പർ | കർഷക സംഘത്തിൻെറ പേര് | ഗുണ ഭോക്താക്കളുടെ എണ്ണ | പാൽ ലിറ്റർ 3രൂപ | പാൽ ലിറ്റർ 4 രൂപ | വികസന ഫണ്ട് | ബ്ലോക്ക് ഫണ്ട് | ജില്ലാ പഞ്ചായത്ത് വിഹിതം |
|---|---|---|---|---|---|---|---|
| 1 | കണ്ണോത്ത് | 20 | 22488 | 21496 | 70124 | 61874 | 21450 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | അടിവാരം | 45 | 41601 | 50219 | 148832 | 131322 | 45525 |
| 3 | കൈതപ്പൊയിൽ | 47 | 24546 | 26286 | 78046 | 68864 | 23873 |
| 4 | കുപ്പായക്കോട് | 182 | 167050 | 155559 | 513375 | 452978 | 157032 |
| 5 | താമരശ്ശേരി | 12 | 12177 | 12544 | 39623 | 34962 | 12120 |
| | ആകെ | 306 | 267862 | 266104 | 850000 | 750000 | 260000 |

So 110/18 പാലിന് സബ്സിഡി (വനിത)

| ക്രമ നമ്പർ | ക്ഷിരകർഷക സംഘം | ഉണ ഭോ ക്താ ക്കളുടെ എണ്ണം | പാൽ ലിറ്റർ 3രൂപ | പാൽ ലിറ്റർ 4രൂപ | പാൽ ലിറ്റർ 2.85 രൂപ | ജില്ലാ പഞ്ചാ യത്ത് വിഹിതം | ബ്ലോക്ക് പഞ്ചാ യത്ത് വിഹിതം | ഗ്രാമ പഞ്ചാ യത്ത് വിഹിതം |
|---|---|---|---|---|---|---|---|---|
| 1 | കണ്ണോത്ത് | 14 | 39800 | 43610 | 74256 | 17390 | 26084 | 28265 |
| 2 | അടിവാരം | 24 | 82028 | 95695 | 15573 | 36272 | 54408 | 58954 |
| 3 | കൈത പ്പൊയിൽ | 49 | 184760 | 256160 | 46346 | 91582 | 137373 | 148851 |
| 4 | കുപ്പായക്കോട് | 98 | 345156 | 391225 | 76311 | 152312 | 228468 | 247557 |
| 5 | താമരശ്ശേരി | 3 | 5308 | 12063 | 939 | 2444 | 3667 | 3973 |
| | ആകെ | 188 | 164273 | 492819 | 1237600 | 300000 | 450000 | 487600 |

പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കണ്ടു. 13ാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ (ജി ഒ (എം.എസ്) നം.80/2017 ത.സ്വ.ഭ.വ 03.04.2017 പ്രകാരം ക്ഷീരകർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് സബ്സിഡി തുക നേരിട്ട് നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു. അതിൽ നിന്നും വ്യത്യസ്തമായി സംഘങ്ങളിലേക്കാണ് പണം നൽകിയത്. മേൽ അപാകതക്ക് വിശദികരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/17-18 തീയതി:17.01.19) മറുപടി ലഭ്യമായിട്ടില്ല.

## 3-10 ഭിന്നശേഷിക്കാരന് പത്രം നൽകൽ - അനധികൃത ചെലവ്

ഗ്രാമപഞ്ചായത്തിലെ 3ാം വാർഡിലെ ഭിന്നശേഷിക്കാരനായ ശ്രീ.സലാം എന്നയാൾക്ക് പത്രം വിതരണം ചെയ്ത വകയിൽ 2016 ഡിസംബർ മുതൽ 2017 ഡിസംബർ മാസം അവസാനം വരെ ഒരു മാസത്തെ വരിസംഖ്യ 196 രൂപ നിരക്കിൽ ആകെ 13 മാസത്തേക്ക് 2,548 രൂപ അനുവദിക്കുന്നതിന് 3 ാം വാർഡിലെ മെമ്പർ ബിൽ സഹിതം അപേക്ഷ നൽകി. ടിയാന് പത്രം നൽകാൻ മുൻപ് ഭരണസമിതി തീരുമാനിച്ചിരുന്നെന്നും പക്ഷെ തീരുമാന നമ്പർ ഇല്ലാത്തതിനാൽ വീണ്ടും ഭരണസമിതിക്ക് വിടുന്നതിന് തീരുമാനിച്ചതായും ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് കാര്യാലയക്കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സെക്രട്ടറിയുടെ വിയോജനക്കുറിപ്പോടുകൂടി ഭരണ സമിതിയുടെ 22.01.2018 യോഗത്തിലെ 3(7) നമ്പർ പ്രകാരം പത്ര വരിസംഖ്യ നൽകാൻ തീരുമാനമെടുത്തു. തുടർന്ന് 2,548 രൂപ 06.02.2018 ന് പത്രവിതരണക്കാരന് അനുവദിക്കുകയും ചെയ്തു (വൗച്ചർ നം. 21700901).

പദ്ധതി മാർഗ്ഗരേഖ (ജി.ഒ. (എം.എസ്) നം. 72/2017/തസ്വഭവ തീയതി. 29.03.2017, ഖണ്ഡിക 13.4 പ്രകാരം ഭിന്നശേഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേകമായി പ്രോജക്ടുകൾ തയ്യാറാക്കാവുന്നതാണ്. ഭിന്നശേഷി വിഭാഗങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് അവരുടെ വികസന പ്രവർത്തനങ്ങൾക്ക് പ്രോജക്ട് നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് തലത്തിൽ രൂപപ്പെടുത്തേണ്ടതിനു പകരം ഒറ്റ തിരിഞ്ഞ് മാർഗ്ഗരേഖയിലുൾപ്പടാത്ത കാര്യത്തിന് ആനുകൂല്യം നൽകിയതിന് മറുപടി നൽകേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 12/11.01.2019) മറുപടി ലഭ്യമാക്കിയില്ല. അനധികൃത ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-11 വെറ്റിനറിസർജൻ നടപ്പിലാക്കിയ പദ്ധതികളിൽ അപാകതകൾ

വെറ്റിനറി സർജൻ തൻവർഷം നടപ്പിലാക്കിയ പദ്ധതികളിൽ താഴെ പറയുന്ന അപാകതകൾ കണ്ടു. വിശദവിവരങ്ങൾ താഴെ പറയുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ട് പേര് | ചെലവ് | വിശദ വിവരങ്ങൾ |
|---|---|---|---|---|
| 1 | Soo204/18 | കന്നുക്കുട്ടി പരിപാലന പദ്ധതി | 412500 billno7/17-18 Plan | ഭൗതികനേട്ടം വിശദവിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| 2 | S000222/18 | പെണ്ണാട് വിതരണം (SC)വനിത | 243000 plan bill no 6/17-18-23.03.18<br>81000 Beneficiary contribution sanctionorder 212/22.03.2018 | 27ഗുണഭോക്താക്കൾക്ക് 2വിതം ആട്ടുകളെ നൽകി<br>ഗുണഭോക്താക്കളുമായി ഉടമ്പടി ചമച്ചിട്ടുണ്ടെങ്കിലും അതിൽ നിശ്ചിത കാലത്തേയ്ക്ക് കൈമാറ്റം ചെയ്യില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടില്ല.<br>പർചെസ് കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 3 | Soo18/18 | പോത്തുക്കുട്ടി വിതരണം (SC) | 60000 billno 2/17-18-27.11.18 plan<br>40000 Beneficiary contribution<br>60000 Block fund | 16 ഗുണഭോക്താക്കൾക്ക് 1വീതം പോത്തുകുട്ടികളെ നൽകി<br>ഗുണഭോക്താക്കളുമായി ഉടമ്പടി ചമച്ചിട്ടുണ്ടെങ്കിലും നിശ്ചിതകാലത്തേയ്ക്ക് കൈമാറ്റം ചെയ്യില്ല എന്ന വ്യവസ്ഥ ചെയ്തിട്ടില്ല.<br>പർചെസ് കമ്മിറ്റിയുടെ |

| | | | | |
|---|---|---|---|---|
| | | | | റിപ്പോർട്ട്, മോണിറ്ററിങ്ങ് കമ്മിറ്റി<br>റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല |
| 4 | Soo17/18 | പോത്തുകുട്ടി വിതരണം ( General) | 1000001/ 17-18-06/ 01/18 plan<br>100000 Beneficiary Contribution | 20 ഗുണഭോക്താക്കൾക്ക് 1വീതം പോത്തുകുട്ടികളെ നൽകി<br>ഗുണഭോക്താക്കളുമായി ഉടമ്പടി ചമച്ചിട്ടുണ്ടെങ്കിലും നിശ്ചിതകാലത്തേയ്ക്ക് കൈമാറ്റം ചെയ്യില്ല എന്ന വ്യവസ്ഥ ചെയ്തിട്ടില്ല.<br>പർചെസ് കമ്മിറ്റി റിപ്പോർട്ട്, മോണിറ്ററിങ്ങ് കമ്മിറ്റി<br>റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല |

| | | | | |
|---|---|---|---|---|
| 5 | Soo213/18 | ആട്ട വിതരണം ജനറൽ | 180000 planbill no 5/17-18-23.03.18<br>180000 Beneficiary Contribution | 32 ഗുണഭോക്താക്കൾക്ക് 2ആട്ടുകളെവിതം നൽകി<br>ഗുണഭോക്താക്കളുമായി ഉടമ്പടി ചമച്ചിട്ടുണ്ടെങ്കിലു നിശ്ചിത കാലത്തേയ്ക്ക് കൈമറ്റം ചെയ്യില്ല എന്ന വ്യവസ്ഥ ചെയ്തിട്ടില്ല.<br>പർചെസ് കമ്മിറ്റി റിപ്പോർട്ട്, മോണിറ്ററിങ്ങ് കമ്മിറ്റി<br>റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല |

മേൽപറഞ്ഞ അപാകതകൾക്ക് വിശദികരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/17-18 തീയതി-16.01.19) മറുപടി ലഭ്യമായിട്ടില്ല.

## **3-12** കുടിവെള്ള പദ്ധതി ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറിയില്ല.

ഗ്രാമപഞ്ചായത്തിലെ കൈതപ്പൊയിൽ കുടിവെള്ള പദ്ധതിക്ക് തൻവർഷം വാട്ടർ ചാർജ്ജിനത്തിൽ 98,714 രൂപയും പമ്പ് ഓപ്പറേറ്ററുടെ കൂലിയിനത്തിൽ 36,000 രൂപയും കൂടി ആകെ 1,34,714 രൂപ തനതു ഫണ്ടിൽ നിന്ന് ചെലവഴിച്ചു. വാർഷിക കണക്കുകൾ അനുസരിച്ച് (RP-43, 2017-18) വാട്ടർ ചാർജ്ജിനത്തിൽ 92,836 രൂപയും കുടിശ്ശികയിനത്തിൽ 77,022 രൂപയും ഈടാക്കിയിട്ടുണ്ട്. ബാലൻസ് ഷീറ്റ് (B-15) പ്രകാരം തൻവർഷം 55,214 രൂപയും മുൻവർഷങ്ങളിലെ കുടിശ്ശികയായി 39,385 രൂപയും ഈടാക്കാൻ ബാക്കിയുണ്ട്. സ്കീമുകളിൽ നിന്നും വെള്ളക്കരമിനത്തിൽ

ലഭിക്കുന്ന തുക നിലവിൽ നടത്തിപ്പ് ചെലവുകൾക്ക് തികയുന്നുണ്ട്. മെയിന്റനൻസ് ചെലവുകൾക്ക്, (വരുമാനം തികയാത്ത അവസ്ഥ സംജാതമാകുന്ന സാഹചര്യങ്ങളിൽ) തദ്ദേശഭരണ സ്ഥാപനത്തിന് ചെലവ് വഹിക്കാമെങ്കിലും ആയത് വൻ സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതിന് ഇടയാക്കും. കൂടാതെ വെള്ളക്കരം പിരിക്കുന്നതിന് വലിയ തോതിലുള്ള മനുഷ്യാധ്വാനവും ഗ്രാമപഞ്ചായത്തിന് പ്രയോഗിക്കേണ്ടിവരുന്നു. പ്രവർത്തനക്ഷമവും ജലലഭ്യതയുള്ളതുമായ പദ്ധതികൾ, അവയുടെ ആസ്തി - ബാധ്യതകൾ കണക്കാക്കി ഏറ്റെടുത്തു കഴിഞ്ഞാൽ കാലതാമസം കൂടാതെ തന്നെ നടത്തിപ്പ് ചുമതല ഗുണഭോക്തൃ ഗ്രൂപ്പുകളെ ഏൽപ്പിക്കാവുന്നതാണ്.

ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറാത്ത സ്കീമുകളെ സംബന്ധിച്ചിടത്തോളം (അറ്റകുറ്റപണികൾ നടത്തേണ്ടതുണ്ടെങ്കിൽ മെയിന്റനൻസ് നടത്തി പൂർണ്ണമായും പ്രവർത്തനക്ഷമമാക്കി) ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറുന്നതിനും ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണെന്ന് സ.ഉ. (സാധാ) നം.1275/2009/ തസ്വഭവ തീയതി. 30.05.2009 ൽ നിഷ്കർഷിക്കുന്നു. എന്നാൽ നാളിതുവരെയും കൈതപ്പൊയിൽ കുടിവെള്ള പദ്ധതി ഗുണഭോക്തൃ ഗ്രൂപ്പിന് കൈമാറിയില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 9/11.01.2019) മറുപടി ലഭ്യമാക്കിയില്ല.

മേൽ സാഹചര്യത്തിൽ താഴെ പറയുന്ന കാര്യങ്ങൾക്ക് മറുപടി സമർപ്പിക്കേണ്ടതാണ്.

1. കൈതപ്പൊയിൽ കുടിവെള്ള പദ്ധതി ആരംഭിച്ച വർഷം, വാട്ടർ അതോറിറ്റിയിൽ നിന്നും കൈമാറിക്കിട്ടിയതാണെങ്കിൽ ആയതിന്റെ വിവരം.

2. പദ്ധതി ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറാത്തതിന്റെ കാരണം.

3. വെള്ളക്കരം കുടിശ്ശിക ഈടാക്കുന്നതിനു സ്വീകരിച്ച നടപടികൾ.

4. ജലനിധി ഗ്രാമപഞ്ചായത്തുമായി കരാർ വെച്ച് ഏറ്റെടുത്തതിന്റെയും കമ്മീഷൻ ചെയ്ത പദ്ധതികളുടെയും പേരുവിവരം.

## 3-13 ന്യൂട്രിമിക്സ് വിതരണം -ലാബ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ - 1) 230/17-18 : അംഗനവാടി പോഷകാഹാരം (എസ്.സി)

2) 233/17-18 : അംഗനവാടി പോഷകാഹാരം (എസ്.ടി)

3) 253/17-18 : അംഗനവാടി പോഷകാഹാരം (ജനറൽ)

നിർവഹണ ഉദ്യോഗസ്ഥൻ – ഐ.സി.ഡി.എസ്.സൂപ്പർവൈസർ

2017-18 വർഷത്തിൽ അങ്കണവാടി പോഷകാഹാരം പദ്ധതികകളുടെ ഭാഗമായി ന്യൂട്രിമിക്സ് വാങ്ങിയതിൻെറ വിശദവിവരം താഴെ പറയുന്നു.

| ക്രമ നമ്പർ | ബിൽനമ്പർ / തീയതി | അളവ് (കി.ഗ്രാം) | വില (1 കി.ഗ്രാമിന്) | തുക |
|---|---|---|---|---|
| 1 | 161 / 05.04.17 | 2450 | 70 | 171500 |
| 2 | 172 / 03.05.17 | 2315 | 70 | 162050 |
| 3 | 161 / 15.07.17 | 1600 | 70 | 1120004 |
| 4 | 166 / 30.08.17 | 300 | 70 | 21000 |
| 5 | 165 / 30.08.17 | 100 | 70 | 7000 |
| 6 | 164 / 30.08.17 | 1500 | 70 | 105000 |
| 7 | 171 / 30.10.17 | 1250 | 70 | 87500 |
| 8 | 172 / 30.10.17 | 750 | 70 | 52500 |
| 9 | 170 / 30.10.17 | 90 | 70 | 6300 |
| 10 | 175 / 24.11.17 | 500 | 70 | 35000 |
| 11 | 176 / 24.11.17 | 20 | 70 | 1400 |
| 12 | 177 / 24.11.17 | 1500 | 70 | 105000 |

| | | | | |
|---|---|---|---|---|
| 13 | 181 / 06.01.18 | 1500 | 70 | 105000 |
| 14 | 182 / 06.01.18 | 100 | 70 | 7000 |
| 15 | 183 / 06.01.18 | 600 | 70 | 42000 |
| 16 | 185 / 31.01.18 | 1500 | 70 | 105000 |
| 17 | 186 / 31.01.18 | 600 | 70 | 42000 |
| 18 | 187 / 31.01.18 | 100 | 70 | 7000 |
| 19 | 190 / 09.03.18 | 2000` | 70 | 140000 |
| 20 | 192 / 28.03.18 | 1900 | 70 | 133000 |

സാമൂഹ്യക്ഷേമ ഡയറക്ടറുടെ ലെറ്റർ നമ്പർ ഐ.സി.ഡി.എസ് ബി.3-312/2010, 18.12.2010 പ്രകാരം ഓരാ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാൻ നിർദ്ദേശിക്കുന്നു. എന്നാൽ അത്തരത്തിലൊരു ലാബ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകതകയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.18/17-18 തീയതി-17.01.19) മറുപടി ലഭ്യമായിട്ടില്ല. ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-14 ശമ്പളപരിഷ്കരണ കുടിശ്ശികയ്ക്ക് അനുസൃതമായ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല.

സ.ഉ. (പി) നം. 7/2016/ഫിൻ തീയതി. 20.01.2016 പ്രകാരം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി അനുവദിയ്ക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം ഗ്രാമ പഞ്ചായത്തിലെ ജിവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 സാമ്പത്തിക വർഷത്തിൽ ശമ്പള കുടിശ്ശികയുടെ 2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ താഴെ പറയും

പ്രകാരം അടവാക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം. | ലയിപ്പിച്ച തുക | വൗച്ചർ നമ്പർ | തീയതി | ഗഡു |
|---|---|---|---|---|
| 1. | 1,63,487 | 21700372 | 05.08.2017 | 1 |
| 2. | 1,52,566 | 21700643 | 04.11.2017 | 2 |

മേൽ ഉത്തരവിലെ ഖണ്ഡിക 48 (1) പ്രകാരം ജീവനക്കാരുടെ വർദ്ധിപ്പിച്ച ശമ്പളത്തിന് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ 1, 2 ഗഡുക്കൾ അടവാക്കിയ ജീവനക്കാരുടെ ശമ്പളപരിഷ്കരണ കുടിശ്ശിക നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 4/15.01.2019) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി 01.04.2013 ന് ശേഷം സർവ്വീസിൽ പ്രവേശിച്ചതും, മേൽകാലയളവിൽ ശമ്പള പരിഷകരണ കുടിശ്ശികയുടെ 1,2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കപ്പെട്ടതുമായ എല്ലാ ജീവനക്കാരുടെയും ശമ്പള വർദ്ധനവിന് ആനുപാതികമായുള്ള പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കേണ്ടതും തുക അടവാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 3-15 ഗ്രാമപഞ്ചായത്ത് അറിയാതെ മുൻകൂറായി ചെലവുകൾ നടത്തുന്നു.

തനത്ഫണ്ട് വൗച്ചർ പരിശോധിച്ചതിൽ, ഏതാനും പ്രവൃത്തികൾ ഗ്രാമപഞ്ചായത്ത് ഭരണസമിതിയോ സെക്രട്ടറിയോ അറിയുന്നതിനു മുൻപായി വാർഡ് മെമ്പർമാർ, അങ്കണവാടി വർക്കർ എന്നിവർ ചെലവ് നടത്തിയതായും ടി തുക പിന്നീട് ഗ്രാമപഞ്ചായത്തിൽ നിന്ന് തിരികെ നൽകുന്നതായും കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | ഇനം | ചെലവഴിച്ച തുക | റീ ഇമ്പേഴ്സ് ചെയ്ത തുക | വൗച്ചർ നം | റിമാർക്സ് |
|---|---|---|---|---|---|
| 1. | പൊട്ടിക്കൈ അങ്കണവാടിക്ക് വൈദ്യുതി കണക്ഷൻ എടുക്കുന്നതിന് | 2,100 | 2,100 | 21700039/ 17.04.2017 | 6ാം വാർഡ് മെമ്പർ തുക അടവാക്കുകയും 04.04 / 2017ലെ അപേക്ഷയുടെ |

| | | | | | |
|---|---|---|---|---|---|
| | | | | | അടി സ്ഥാനത്തിൽ തുക തിരികെ നൽകുകയും ചെയ്തു. |
| 2. | കുപ്പായക്കോട് സാംസ്കാരിക നിലയത്തിന് വൈദ്യുതി കണക്ഷൻ എടുക്കുന്നതിന് | 7,750 | 7,750 | 21700040/ 17.04.2017 | 11ാം വാർഡ് മെമ്പർ തുക അടവാക്കുകയും 03.04 / 2017ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ തുക തിരികെ നൽകുകയും ചെയ്തു. |
| 3. | പുറ്റേൻകുന്ന് അങ്കണവാടിക്ക് വൈദ്യുതി കണക്ഷൻ എടുക്കുന്നതിന് | 1,900 | 1,900 | 21700397/ 16.08.2017 | 17-ാം വാർഡ് മെമ്പർ തുക അടവാക്കുകയും ടിയാന്റെ അപേക്ഷയുടെ അടിസ്ഥാന ത്തിൽ തുക തിരികെ നൽകുകയും ചെയ്തു. |
| 4. | പയോണ അങ്കണ വാടിയുടെ മേൽക്കൂര നന്നാക്കിയതിന് (പ്ലാസ്റ്റിക് ഷീറ്റ് വാങ്ങിയ വകയിൽ) | 3,570 | 3,570 | 21700564 / 19.10.2017 | 20-ാം വാർഡ് മെമ്പർ തുക അടവാക്കുകയും ടിയാന്റെ അപേക്ഷയുടെ അടിസ്ഥാന ത്തിൽ തുക തിരികെ നൽകുകയും |

| | | | | | |
|---|---|---|---|---|---|
| | | | | | ചെയ്തു. |
| 5. | കുവപ്പട്ടച്ചാൽ അങ്കണവാടിയുടെ വയറിംഗ് ഇടിമിന്നലിൽ താറുമാറായതിനാൽ വൈദ്യുതി കണക്ഷൻ പുനസ്ഥാപിക്കുന്നതിന് | 2,820 | 2,820 | 21700064 / 04.11.2017 | അങ്കണവാടി വർക്കറായ ശ്രീമതി. ഗീത.കെ.ജി കൂലിക്ക് ആളെ വെച്ച് റിപ്പയർ നടത്തുകയും അപേക്ഷയോടൊപ്പം ബിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ തുക തിരികെ നൽകുകയും ചെയ്തു. |

മേൽപറഞ്ഞ പ്രവൃത്തികൾ നടത്തുന്നതിന് മുൻപ്, ആയതിന് ഉത്തരവാദപ്പെട്ട സെക്രട്ടറിയെ അറിയിക്കാത്ത/ഭരണമസമിതി അംഗീകരിക്കാത്ത സാഹചര്യത്തിൽ, ചെലവ് തുക അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. കൂടാതെ മേൽ പട്ടികയിലെ 2-ാമത്തെ പ്രവൃത്തിയുടെ ബിൽ അംഗീകരിക്കുന്ന അവസരത്തിൽ ഭാവിയിൽ ഇത്തരം രീതികൾ ഒഴിവാക്കുന്നതിനുള്ള നിർദ്ദേശം ബില്ലിനോടൊപ്പമുള്ള കാര്യാലയക്കുറിപ്പിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി രേഖപ്പെടുത്തിയിരുന്നു. എങ്കിലും ആയതിനു ശേഷവും ഇത്തരത്തിൽ ബിൽ തുക അംഗീകരിച്ചതിന്റെ സാംഗത്യം വ്യക്തമാക്കേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 11/11.01.2019) മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം നൽകേണ്ടതാണ്.

## 3-16 വീട് റിപ്പയർ - പദ്ധതി നടത്തിപ്പിൽ അപാകതകൾ

നിർവഹണഉദ്യോഗസ്ഥൻ - വി ഇഒ

പ്രോജക്റ്റ് നമ്പർ - so24/18

ചെലവ് - 400000 plan

വിടിന്റെ മേൽക്കൂര മാറ്റി പുതിയത് നിർമ്മിക്കുന്നതിന്നായി മേൽപറഞ്ഞ പദ്ധതി

നടപ്പാക്കുകയുണ്ടായി.

സബ്സിഡിമാർഗ്ഗരേഖ ജി ഒ (എം.എസ്) 80/2017 ത.സ്വ.ഭ.വ.

03.04.2017പ്രകാരം ഭവനപുനരുദ്ധാരണത്തിനുള്ള പദ്ധതിനടത്തിപ്പിൽ ചുവടെ ചേർത്ത നിബന്ധനകൾ പാലിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും ആയത് പാലിക്കപ്പെട്ടിട്ടില്ല.

എ)ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഓരോ വീടിന്റെയും അറ്റകുറ്റപണികൾക്കുള്ള എസ്റ്റിമെറ്റ് ഉടമസ്ഥൻ തയ്യാറാക്കണം. എന്നാൽ ചില ഉടമസ്ഥർ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ എസ്റ്റിമേറ്റിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയിതട്ടില്ല.

ബി)എൽ.എസ്.ജി.ഡി എൻജിനീയർ അളവെടുത്തശേഷമായിരിക്കണം സബ്സിഡി നൽകേണ്ടത്. എന്നാൽ ഈ നിബന്ധന പാലിക്കപ്പെട്ടിട്ടില്ല. ഓവർസിയറുടെ വാല്യേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കൾക്ക് തുക നൽകിയത്.

സി)തദ്ദേശ ഭരണസ്ഥാപനത്തിന്റെ സഹായത്തോടെ സ്വയം പുതിയ വീട് നിർമ്മിച്ചവർക്ക് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞാൽ മാത്രമെ ഈ ധനസഹായത്തിന്ന് അർഹതയുള്ളു. എന്നാൽ വീടിൻെറ കാലപ്പഴക്കം 8വർഷം എന്ന നിബന്ധന പാലിച്ചിട്ടില്ല. ആനുകൂല്യം ലഭിച്ച എല്ലാ വീടുകളുടെയും കാലപ്പഴക്കം നിർണ്ണയിച്ച് സർട്ടിഫിക്കറ്റ് ലഭ്യമല്ല .വീടിൻെറ തറവിസ്തീർണ്ണം, മേൽക്കൂരയുടെ നിർമ്മിതി എന്നിവ വ്യക്തമല്ല.

മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/17-18 തീയതി-17.01.19) മറുപടി ലഭ്യമായിട്ടില്ല.

## 3-17 ഗ്രാമ പഞ്ചായത്ത് ഓഫിസിലേയ്ക്ക് കംമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ -നിബന്ധനകൾ പാലിച്ചിട്ടില്ല

പ്രോജക്ട് നമ്പർ : 03/17-18

നിർവഹണഉദ്യോഗസ്ഥൻ :പഞ്ചായത്ത് സെക്രട്ടറി

പദ്ധതി ചെലവ് :332800

ഗ്രാമപഞ്ചായത്ത് ഓഫിസിലേയ്ക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിന് ടെണ്ടർ വിളിക്കുകയും ഏറ്റവു കുറഞ്ഞ ടെണ്ടർനൽകിയ Nextech Computers Snehatehra Complex, Tali, Kozhikode എന്ന സ്ഥാപനത്തിന്ന് ടെണ്ടർ അനുവദിക്കുന്നതിന്ന് ഭരണസമിതി അംഗികാരം നൽകുകയും ചെയ്തു. പർച്ചെസ് ഓർഡർ നൽകിയതിൻെറ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനം കമ്പ്യൂട്ടർ വിതരണം ചെയ്തു. 10 കമ്പ്യൂട്ടർ

വാങ്ങുന്നതിന്ന് 3,90,400 രൂപ അടങ്കൽ വെക്കുകയും 332800 രൂപ ചെലവിൽ 8 കമ്പ്യൂട്ടർ വാങ്ങുകയും ചെയ്തു.

08.11.2010ലെ (പി)259/2010/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സാധനങ്ങൾ സമാഹരിക്കുമ്പോൾ പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം 1,00,000/ രൂപയിൽ കൂടുതൽ മതിപ്പുവിലവരുന്ന പർച്ചെസുകൾക്ക് ടെണ്ടറുകൾ വ്യാപകപ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും മലയാള ദിനപത്രത്തിലും നൽകേണ്ടതുണ്ട് എന്നാൽ ആയത് പാലിച്ചിട്ടില്ല.

2013ലെ കേരള സ്റ്റോർപർചെസ് മാന്വൽ ഖണ്ഡിക 9.46 പ്രകാരം സാധനങ്ങൾ വാങ്ങുന്നതിന്ന് കരാറിൽ ഏർപ്പെടുന്നതിന് മുമ്പ് കമ്പോളത്തിലെ തത്തുല്യമായ ഉൽപന്നം അവസാനം വാങ്ങിയ വില, വാങ്ങേണ്ട ഉൽപന്നത്തിൻെറ കമ്പോളത്തിലെ വില എന്നിവ പരിഗണിച്ച് വേണം നിരക്ക് അംഗീകരിക്കേണ്ടത്. ഖണ്ഡിക 13.7,13.8, പ്രകാരം ഡയറക്ടറേറ്റ് ഓഫ് സപ്ളൈസ് ആൻറ് ഡിസ്പോസൽസ്, ന്യൂ ഡൽഹി എല്ലാ വർഷവും വിവിധ സാധനങ്ങൾക്ക് റേറ്റ് കോൺട്രാക്റ്റ് നൽകുന്നുണ്ട്. പർചെസിങ്ങ് ഓഫീസർക്ക് മേൽനിരക്ക് കമ്പോളത്തിലെ നിലവാരത്തേക്കാൾ ലാഭകരമാണെങ്കിൽ നേരിട്ട് വാങ്ങാവുന്നതാണ്. ഇതിന് സർക്കാറിൻെറ പ്രത്യേക അനുമതി ആവശ്യമില്ല. എന്നാൽ നിർവഹണ ഉദ്യോഗസ്ഥൻ കമ്പ്യൂട്ടർ വാങ്ങുന്നതിന് മുമ്പ് ഇത്തരത്തിലുള്ള പരിശോധനാ നടത്തിയിട്ടില്ല.

അപാകതകൾക്ക് വിശദികരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/17-18 തീയതി-17.01.19) മറുപടി ലഭ്യമായിട്ടില്ല. കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ നിലവിൽ വന്നതിനാൽ സർക്കാർ സ്ഥാപനങ്ങൾക്ക് ഇ ടെണ്ടർ മുഖേന കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും പോർട്ടൽ മുഖേന വാങ്ങാവുന്നതാണ്. ഭാവിയിൽ ഈ സംവിധാനം പ്രയോജനപ്പെടുത്തി കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങേണ്ടതാണ്.

## 3-18 തെരുവുവിളക്ക് മാറ്റി സ്ഥാപിക്കൽ - പദ്ധതി നടത്തിപ്പിൽ അപാകതകൾ

ലോകബാങ്ക് വിഹിതത്തിൽ നിന്നു 790157 രൂപയും തനതുഫണ്ടിൽ നിന്നു 9843 രൂപയും അടക്കം മൊത്തം 8,00,000 രൂപയിൽ വകയിരുത്തിയ പദ്ധതി ലക്ഷ്യമിടുന്നത് ഗ്രാമപഞ്ചായത്തിലെ കേടായ തെരുവുവിളക്കുകൾ മാറ്റി സ്ഥാപിക്കുക എന്നതാണ്. ഇ-ടെണ്ടർ നടത്തി ജെയിൻ ഇൻഡസ്ട്രിയൽ ലൈറ്റിംഗ് കോർപ്പറേഷൻ , ലോറൻസ് റോഡ്, ഡൽഹി സമർപ്പിച്ചിരുന്ന ടെണ്ടർ അംഗീകരിച്ച് സപ്ളൈ ഓർഡർ നൽകുകയും, അത് പ്രകാരം 377 എൽ.ഇ.ഡി ലൈറ്റുകൾ കൈപ്പറ്റി വിവിധ ഇലക്ട്രിക്ക്

പോസ്റ്റുകളിൽ സ്ഥാപിക്കുന്നതിന് തീരുമാനിച്ചതായും കാണുന്നു. എന്നാൽ ഫയലുകൾ , അനുബന്ധരേഖകൾ എന്നിവ പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ താഴെപ്പറയുന്ന അപാകതകൾ കണ്ടു.

1)എൽ.ഇ.ഡി ലൈറ്റുകൾ കൈപ്പറ്റി സ്റ്റോക്ക് എൻട്രി നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2)എൽ.ഇ.ഡി ലൈറ്റുകൾ ഇലക്ട്രിക്ക് പോസ്റ്റുകളിൽ സ്ഥാപിച്ചതായി പഞ്ചായത്ത് അംഗങ്ങൾ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. എന്നാൽ എത്ര ലൈറ്റുകൾ സ്ഥാപിച്ചു എന്ന് വ്യക്തമല്ല.

3)പദ്ധതിനടത്തിപ്പ് 2017 ആഗസ്റ്റ് 30 നകം പൂർത്തിയാക്കേണ്ടതാണ്. പദ്ധതി പൂർത്തികരിച്ചത് സംബന്ധിച്ച വിശദാംശം ലഭ്യമല്ല

4)ജെയിൻ ഇൻഡസ്ട്രിയൽ ലൈറ്റിംഗ് കോർപ്പറേഷൻ 03.08.2017 ലെ Ref.No.Jilco 2017/18 കത്തിൽ വാറന്റി പിരിയഡ് എത്രയാണെന്ന് വ്യക്തമാക്കിയിട്ടില്ല. എന്നാൽ ടെണ്ടർ പരസ്യത്തിൽ 3 വർഷം ഗ്യാരണ്ടിയോടെ നിലവിലുള്ള പഴയ ലൈറ്റ് തിരികെ എടുക്കുന്ന രീതിയിലും BUY BACK SCHEME എന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ഗ്യാരണ്ടി പിരിയഡ് വ്യക്തമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/17-18 തീയതി-17.01.19) മറുപടി ലഭ്യമായിട്ടില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 750000 | ക്ഷീരസംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി | 750000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 450000 | ക്ഷീരസംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി (വനിത) | 450000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 225000 | ഫല വൃക്ഷതൈകൾ ഇടവിള കൃഷി വികസനം | 9072 | 215928 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 500000 | പോത്തുക്കുട്ടി വളർത്തൽ എസ്.സി. വനിത | 60000 | 440000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 500000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 510000 | കുന്നത്ത് ഹരിജൻ ശ്മശാനം, കുഴൽ കിണർ-ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ | 510000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 900000 | ക്ഷീരസംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി | 760000 | 140000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 300000 | ക്ഷീരസംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി (വനിത) | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 102000 | നെൽകൃഷി കൂലിചെലവ് | 78900 | 23100 |

| | | | | | |
|---|---|---|---|---|---|
| | | | സബ്സിഡി | | |
| ജില്ലാ പഞ്ചായത്ത് | 2017-18 | 500000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 500000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പയോണ, പറശ്ശേരി, കരിമ്പിലാട് കോളനികളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 21701154 21700872 | 254755 | 254755 | 0 |
| കെ.എസ്.ഇ.ബി | അമ്പലക്കണ്ടി കുടിവെള്ള വൈദ്യുതി ലഭ്യമാക്കൽ | 21701153 | 159779 | 159779 | 0 |

| | | | | | |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | കുഴൽ കിണറുകൾക്ക് ഫീസിബിലിറ്റി ലഭ്യമാക്കുന്നത് സംബന്ധിച്ച് | 95/18 | 31590 | 31590 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക (തൻ വർഷം എടുത്തത്) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവനപദ്ധതി | സ.ഉ (സാധാ) നം.407/10 തസ്വഭവ തിയ്യതി 05.02.2010 | -- | 1027400 | 1027400 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| കാരുണ്യ ഭവന പദ്ധതി | 7656/ഡി ബി.1/14/ തസ്വഭവ | -- | 13006901 | 1825000 | 0 | 11181901 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 46 | 2003-04 | 11.13.2.6 | വ്യവസായ എസ്റ്റേറ്റുകൾ പ്രയോജനപ്പെട്ടില്ല | തടസ്സം തുടരുന്നു |
| 2001-02 | 29 | 2003-04 | 11.13.7.17 | നികുതി പിരിവിൽ അലംഭാവം | തടസ്സം തുടരുന്നു |
| 2001-02 | | 2003-04 | 11.4 | മരാമത്ത് പ്രവർത്തി സെന്റ് കോളനി സാംസ്കാരിക നിലയം | തടസ്സം തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| 2001-02 | | 2004-05 | 11.1.3.6 | നികുതി പിരിവിൽ അലംഭാവം | തടസ്സം തുടരുന്നു |
| 2015-16 | 2-14 | 2016-17 | 4.2.1 | പുറമ്പോക്കുകൾ – സംരക്ഷണവുമായി ബന്ധപ്പെട്ട് | തടസ്സം തുടരുന്നു |
| 2015-16 | 2-7 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി- അപാകതകൾ | തടസ്സം തുടരുന്നു |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ഓഡിറ്റ് വർഷം | സർചാർജ് നം | ഖണ്ഡിക നം | തുക | റിമാർക്സ് |
|---|---|---|---|---|
| 1999-00 | സർചാർജ് സർട്ടിഫിക്കറ്റ് നം.എൽ.എഫ്. 4453/സ്പെ.സെൽ/ എസ് സി 5/03<br>തീയതി-28.08.03<br>എൽ.എഫ്. 4453/സ്പെ.സെൽ/ എസ് സി 5/03<br>തീയതി-25.06.03 | 44,42 | 3,000/-<br>10,000/- | തുക ഈടാക്കി പരാമർശം ഒഴിവാക്കി |

| | | | | |
|---|---|---|---|---|
| | | | | |
| 2001-02 | സർചാർജ് സർട്ടിഫിക്കറ്റ് നം.എൽ.എഫ്. 774662/ സ്പെ.സെൽ/ എസ് സി 5a/05<br>തീയതി-11.10.06 | 11,12 | 60896+12% പലിശ | തുക ഈടാക്കി പരാമർശം ഒഴിവാക്കി |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 79532550 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 92690099 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 34468 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 31920 | ശ്രീ. ബിബിൻ ജോസഫ്, സെക്രട്ടറി |
| 3-10 | 2548 | ശ്രീ. ബിബിൻ ജോസഫ്, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സപ്പെടുത്തിയതിന് ഉത്തരവാദികളായവരുടെ പേരുവിവരം

| പേരും ഉദ്യോഗപ്പേരും | നിലവിലെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ബിബിൻ ജോസഫ്, സെക്രട്ടറി | സെക്രട്ടറി, മാവൂർ ഗ്രാമപഞ്ചായത്ത് | ഇടയപുരക്കൽ വീട്, തിരുവമ്പാടി പി.ഒ, കോഴിക്കോട് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡികകളുടെ വിശദാംശങ്ങൾ |
|---|---|---|---|

| | | | |
|---|---|---|---|
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി1/ 1911/12 /11.02.13 | 4 | 3-1, 3-6, 3-8, 3-9 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി1/ 1911/12(1) /11.02.13 | 3 | 3-7, 3-8, 3-11 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി1/ 1911/12 /11.02.13 | 10 | 1-1, 2-5, 3-1, 3-4, 3-6, 3-9, 3-10, 3-11, 3-12 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി1/ 144/10 /31.03.10 | 33 | 1-c, 1-d, 2-1, 2-2, 2-5, 2-6,2-7, 2-8, 2-9, 2-10, 2-13, 3-1, 3-2, 3-3 , 3-4, 3-5, 3-6, 3-7, 3-8, 3-11, 3-12, 3-13, 3-14, 3-17, 3-18, 3-19 ,3-22, 3-24, 3-25, 3-27, 3-28, 4-1, 4-5 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി1/ 1933/11(2) /05.12.12 | 31 | 1-4, 1-5, 1-7, 2-1, 2-2, 2-3, 2-4, 2-5,2-7, 2-8, |

| | | | |
|---|---|---|---|
| | | | 2-9, 2-10, 3-2, 3-3, 3-4, 3-5, 3-6,3-7, 3-8, 3-9, 3-11, 3-14, 3-15, 3-16, 3-18, 3-19, 3-20, 3-22, 3-23, 4-6, 4-7 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി1/ 623/14 /11.06.14 | 6 | 1-1, 3-2, 3-3, 4-3, 4-5, 4-7 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി1/ 624/14 /11.06.14 | 18 | 1-1, 1-2, 2-2, 3-1, 3-2, 3-3, 3-4, 3-5, 3-7, 3-8, 3-10, 3-12, 3-13, 3-17, 4-3, 4-4, 4-5, 4-7 |
| 2011-12& 2012-13 | കെഎസ്എ കെകെഡി.പി8/ 2478/17/27.08.2017 | 21 | 2-1, 3-1, 3-2(A), 3-3, 3-4, 3-5, 3-8, 3-10, 3-11, 3-13, 3-14, 3-15, 3-17, 3-19, 3-20, |

| | | | |
|---|---|---|---|
| | | | 3-21, 3-22, 3-23, 3-24, 3-25, 3-26, 3-27 |
| 2013-14& 2014-15 | കെഎസ്എ കെകെഡി. പി8/ 2418/17/18.01.2018 | 10 | 3-1, 3-5, 3-7, 3-10, 3-11, 3-12, 3-14, 3-15, 3-16, 3-17 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി.1/ 2048/17/08.11.2017 | 30 | 2-1, 2-2, 2-3, 2-4, 2-5, 2-8, 2-9, 2-10, 2-11, 2-12, 2-13, 2-14, 3-2, 3-5, 3-6, 3-7, 3-8, 3-11, 3-12, 3-13, 3-14, 3-16, 3-18, 3-19, 3-20, 3-21, 3-22, 3-25, 3-26, 4-9 |
| 2016-17 | കെഎസ്എ കെകെഡി. പി8/ 85/18/29.02.2018 | 14 | 2-1, 2-2, 2-3(2), 2-4,2-5, 3-1, 3-3, 3-5, 3-6, 3-7, |

| | | | |
|---|---|---|---|
| | | | 3-12, 3-14, 3-16 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

കോഴിക്കോട്

## അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.കെ.കെ.ഡി.പി8/77/ 2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ-0495 2371012
ഇ-മെയിൽ:dokkd.ksad@kerala.gov.in
തീയ്യതി:07.02.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്